22
2025
നവംബർ
ശനി
വൃശ്ചികം 6

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 290 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-290 പേജ് 4. വില 2.00 രൂപ

02 ശബരിമല സ്വർണക്കൊള്ള; കടകംപള്ളി സുരേന്ദ്രനെ ചോദ്യം ചെയ്യും
03 കേരളത്തിൽ എസ്ഐആറിന് സ്റ്റേ ഇല്ല ഹർജികൾ പ്രത്യേകം പരിഗണിക്കും
04 ശബരിമല കൊള്ളയടിച്ചത് ജനങ്ങൾ നൽകിയ അധികാരം ഉപയോഗിച്ച്

## വിജ്ഞാപനമിറക്കി കേന്ദ്രം

# വിഴിഞ്ഞം തുറമുഖത്തിന് എമിഗ്രേഷൻ ക്ലിയറൻസ് അനുമതി

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിന് (ഐസിപി) കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ അനുമതി. ഇതോടെ വിഴിഞ്ഞം തുറമുഖത്ത് നിന്ന് ചരക്കുകൾ റോഡ് റെയിൽ മാർഗത്തിലൂടെ രാജ്യത്തെ വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോകാനാകും. ചരക്കുമായി കൂടുതൽ കപ്പലുകൾ എത്തുന്നതോടെ സംസ്ഥാനത്തിന് വലിയ സാമ്പത്തികനേട്ടമുണ്ടാകും.



നിലവിൽ ചരക്കുകൾ വലിയ കപ്പലുകളിൽ എത്തിക്കുകയും തുടർന്ന് തുറമുഖത്ത് നിന്ന് ചെറിയ ഫീഡർ കപ്പലുകളിലായി മറ്റു സ്ഥലങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നതാണ് രീതി. എന്നാൽ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിന് അനുമതി ലഭിച്ചതോടെ സമയവും ചെലവും വൻതോതിൽ ലാഭിക്കാനാകും. അതോടൊപ്പം സംസ്ഥാനത്തിന്റെ ലൊജിസ്റ്റിക്സ് മേഖലക്കും നിക്ഷേപ സാധ്യതകൾക്കും ഇത് വലിയ ഉത്തേജനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

തുറമുഖത്തെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡിന്റെ നിർമാണം തുടരുകയാണെന്നും ഒരു മാസത്തിനകം പൂർത്തിയാകുമെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തോടെ വിഴിഞ്ഞം ദക്ഷിണേന്ത്യയിലെ പ്രധാന ചരക്ക് ഹബ്ബായി ഉയർന്നുവരുമെന്നാണ് സംസ്ഥാനത്തിന്റെ പ്രതീക്ഷ.

സെക്ഷൻ 7 എ പ്രകാരമുള്ള അംഗീകാരമാണ് വിഴിഞ്ഞത്തിന് ലഭിച്ചത്. ഇതുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനവും പുറത്തിറങ്ങി. കേന്ദ്ര കസ്റ്റംസ് മന്ത്രാലയത്തിന്റെ നിർദേശങ്ങൾ പൂർത്തിയാക്കിയതിനെത്തുടർന്നാണ് വിഴിഞ്ഞത്തിന് അംഗീകാരം ലഭിച്ചത്. ഓഫിസ് സൗകര്യങ്ങൾ, കെട്ടിടം, കംപ്യൂട്ടർ സംവിധാനം, സെർവർ റൂം സൗകര്യം എന്നിവയുൾപ്പെടെ 12 മാർഗനിർദേശങ്ങളാണ് കസ്റ്റംസ് മന്ത്രാലയം മുന്നോട്ടുവച്ചിരുന്നത്.

സെക്ഷൻ എട്ട്, 45 പ്രകാരമുള്ള അംഗീകാരങ്ങളും പോർട്ട് കോഡും വിഴിഞ്ഞത്തിന് ഇനി ലഭിക്കേണ്ടതുണ്ട്. ഇതിനുള്ള സജ്ജീകരണങ്ങളെല്ലാം തുറമുഖത്ത് ഒരുക്കിയതായും മന്ത്രി പറഞ്ഞു.

മാതൃകപ്പലിൽനിന്ന് ചെറുകപ്പലുകളിലേക്ക് ചരക്കുനീക്കം നടത്തുന്ന ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമായി പ്രവർത്തിക്കാനുള്ള അനുമതി നേരത്തെ വിഴിഞ്ഞത്തിന് ലഭിച്ചിരുന്നു. സെക്ഷൻ 7 അനുമതി കൂടി ലഭിച്ചതോടെ വലിയ സാധ്യതയാണ് വിഴിഞ്ഞത്ത് തുറക്കുന്നത്. ചരക്കുനീക്കത്തിൽ നിർണായക തുറമുഖമായി വിഴിഞ്ഞം മാറുമെന്നാണ് വിലയിരുത്തുന്നതെന്നും മന്ത്രി പറഞ്ഞു.

# അറബിക്കടലിൽ പുതിയ ഇനം നീരാളി കൂന്തളിനെ കണ്ടെത്തി




**സിഎംഎഫ്ആർഐ ഗവേഷകർ കണ്ടെത്തിയ പുതിയ ഇനം നീരാളി കൂന്തൽ ടനിൻജിയ സൈലാസി**

കൊച്ചി: അറബിക്കടലിൽ നിന്ന് പുതിയ ഇനം ആഴക്കടൽ നീരാളി കൂന്തളിനെ കണ്ടെത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്ര സംഘം.

ആഗോളതലത്തിൽത്തന്നെ അപൂർവമായ ടനിൻജിയ എന്ന ജെനുസ്സിൽ (വർഗം) പെട്ടതാണ് ഈ ആഴക്കടൽ കൂന്തൾ. ഇതുവരെ, അറ്റ്ലാന്റിക് സമുദ്രത്തിൽ കാണപ്പെടുന്ന ടനിൻജിയ ഡാനേ മാത്രമാണ് ഈ വർഗത്തിലെ ഒരേയൊരു കൂന്തൾ ഇനം. രണ്ടാമത്തെ ഇനം കൂന്തളിനെയാണ് സിഎംഎഫ്ആർഐ സംഘം കണ്ടെത്തിയത്.

കൊല്ലം പുറംകടലിൽ ഏകദേശം 390 മീറ്റർ ആഴത്തിൽനിന്നാണ് ഒക്ടോപോട്യൂത്തിഡേ കുടുംബത്തിൽപ്പെട്ട ഈ കൂന്തളിനെ ലഭിച്ചത്. ഇവക്ക് കൂന്തളുകളെ പോലെ രണ്ട് നീളമുള്ള സ്പർശിനികൾ (ടെന്റക്കിൾ) ഇല്ല.

നീരാളികളെ പോലെ എട്ട് കൈകൾ മാത്രമാണുള്ളത്. ഇക്കാരണത്താൽ നീരാളി കൂന്തൾ എന്നാണ് ഇവയെ വിളിക്കുന്നത്. സാധാരണ കൂന്തളുകൾക്ക് എട്ട് കൈകളും പുറമെ രണ്ട് സ്പർശിനികളുമുണ്ടാകാറുണ്ട്. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഗീത ശശികുമാറും ടെക്നിക്കൽ ഓഫീസർ ഡോ കെ കെ സജികുമാറും ചേർന്ന ഗവേഷണ സംഘമാണ് ഈ നേട്ടത്തിന് പിന്നിൽ.

പുതിയ കൂന്തളിനെ ടനിൻജിയ സൈലാസി എന്ന് നാമകരണം ചെയ്തു. സിഎംഎഫ്ആർഐ മുൻ ഡയറക്ടറും കേരള കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലറുമായിരുന്ന പ്രമുഖ ഫിഷറീസ് ശാസ്ത്രജ്ഞൻ ഡോ ഇ ജി സൈലാസിന് ആദരമായാണ് ഈ പേര് നൽകിയത്. ഇന്ത്യയിലെ കണവ ഗവേഷണ രംഗത്ത് മുൻനിരക്കാരനായിരുന്നു ഡോ സൈലാസ്. ഇന്ത്യൻ നീരാളി കൂന്തൾ എന്നാണ് ആദ്യമായാണ് അറബിക്കടലിൽ നിന്നും ടനിൻജിയ വർഗത്തിലെ നീരാളി കൂന്തളിനെ കണ്ടെത്തുന്നത്. ആദ്യകാഴ്ചയിൽ, ഈ വർഗത്തിലെ ഏകയിനമായ ടനിൻജിയ ഡാനേ ആണെന്നാണ് കരുതിയത്. ഇവ ഏകജാതീയമാണെന്നായിരുന്നു (മോണോടൈപിക്) ഗവേഷകർക്കിടയിൽ ഇതുവരെയുണ്ടായിരുന്ന വിശ്വാസം. എന്നാൽ, ഇവ രണ്ടും തമ്മിൽ ബാഹ്യരൂപത്തിൽ വ്യത്യാസമുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ വിശദമായ ജനിതക -വർഗീകരണ പഠനത്തിലാണ് അറബിക്കടലിൽ നിന്ന് ലഭിച്ചത് പുതിയ ഇനം കൂന്തളാണെന്ന് തിരിച്ചറിഞ്ഞത്- ഡോ ഗീത ശശികുമാർ പറഞ്ഞു.

വലിയ വലുപ്പവും തൂക്കവും കൈവരിക്കുന്നതാണ് ഈ കുടുംബത്തിലെ കൂന്തളുകൾ. ഇവ രണ്ട് മീറ്ററിലേറെ നീളവും ഏകദേശം 61 കിലോഗ്രാം തൂക്കവും കൈവരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിണ്ടുന്ന് ഡോ സജികുമാർ പറഞ്ഞു.

ലോകമെമ്പാടും ഏകദേശം 400-ഓളം വ്യത്യസ്ത ഇനം കൂന്തളുകളെ കണ്ടെത്തിയിട്ടുണ്ട്. പുതിയ കൂന്തളിനെ കണ്ടെത്തിയതായുള്ള പഠനം രാജ്യാന്തര ജേർണലായ മറൈൻ ബയോഡൈവേഴ്സിറ്റിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഗവേഷണ വിദ്യാർത്ഥികളായ ഡോ ഷിജിൻ അമേരി, ടോജി തോമസ് എന്നിവരും പഠന സംഘത്തിലുണ്ടായിരുന്നു.

# വളവിൽതോപ്പിലെ വള്ളങ്ങൾ മീനുകളെ തേടുന്നു

**ഹാൻജോ ബേബി ശക്തികുളങ്ങര**
**കോസ്റ്റൽ റിപ്പോർട്ടർ**

കൊല്ലം: നീരൊഴുക്കിനും വെള്ളവാക്കിനുമനുസരിച്ച് മീൻപിടിക്കണമെന്നാണ് കടലിൽപോക്കുകാരുടെ ഒരു രീതി. കാലം മാറി ഇന്നിപ്പോൾ മീനുകളെ കണ്ടെത്തി അതിന്റെ പിന്നാലെ പോയി ഓടിച്ചിട്ടു പിടിക്കുന്നതാണ് രീതി.എന്നാൽ ഇതൊന്നും ഇല്ലാതെ മീനുകൾ തീരത്തേക്കുവന്നാൽ മാത്രം പിടിക്കുന്നവരുണ്ട്...അതിവിടെയാണ് കൊല്ലം ശക്തികുളങ്ങര മരുത്തടിക്കു സമീപത്തുള്ള വളവിൽതോപ്പു തീരം.കൊല്ലം കോടിക്കകത്തുവരുന്ന മീനുകൾ ഇവർ വിരിക്കുന്ന വലയിൽ പെടും.പ്രകൃതിയുടെ മാറ്റങ്ങൾക്കനുസരിച്ച് ഓരോ സീസണിലും മീനുകളും,ചെമ്മീനും, കണവയും,ഞണ്ടുകളും,കല്ലു റാളുകളും ഉൾപ്പടെ ഓരോ കാലത്തിലുമുള്ള മീനുകളും വരവനുസരിച്ച് ഇവർ പിടിച്ചെടുക്കുന്നു. കേരള തീരത്തെ നൂറുകണക്കിനു പരമ്പരാഗതമേഖലയിലെ ഫിഷ്‌ലാൻഡിംഗ് സെന്ററുകളിൽ ഒന്നു മാത്രമാണിവിടം.എന്നാൽ വളവിൽതോപ്പു തീരത്തിന് പ്രത്യേകതകൾ ഏറെയുണ്ട്.യന്ത്രവൽകൃത



മൽസ്യബന്ധനത്തിന്റെ ഈറ്റില്ലമായ ശക്തികുളങ്ങരയിൽ പരമ്പരാഗതമായ ശൈലിയിൽ മൽസ്യബന്ധനം നടത്തുന്ന പ്രധാന തീരമാണിത്. യന്ത്രവൽകൃത ട്രോളിംഗിനെതിരെ രാജ്യത്താദ്യമായി കടലിൽ പോർമുഖം തുറന്ന പരമ്പരാഗതമൽസ്യത്തൊഴിലാളികളാണ് വളവിൽ തോപ്പിലുള്ളത്.പക്ഷേ കാലം മാറി.യന്ത്രവൽക്കരണം സർവ്വ മേഖലകളിലും ആധിപത്യം നേടി. തീരക്കടലിൽ മൽസ്യങ്ങളുടെ വരവു കുറഞ്ഞപ്പോൾ ഇവിടെയും വള്ളങ്ങളിൽ ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ചു.ഏറിയാൽ അൻപതിനകത്തു ഫൈബർ വള്ളങ്ങളുണ്ടിവിടെ..നേരത്തെ തടിയിൽ ചെത്തിമിനുക്കിയ വള്ളങ്ങളായിരുന്നുഎല്ലാം.

ഔട്ട് ബോർഡ് എൻജിൻ വന്നതോടെ ഇവർ കുറച്ചു ദൂരത്തേക്ക് പോയി വല വിരിക്കാറുണ്ട്.മറ്റിടങ്ങളിലെല്ലാം മൽസ്യബന്ധനത്തിനു അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിക്കുമ്പോൾ ഇവിടെ പരമ്പരാഗതമേഖലയിലുള്ളവർ തന്നെ കടലിൽ പോകുന്നു.കാലാനുസൃതമായ മാറ്റം വന്നതോടെ തടിവള്ളങ്ങൾ കിഴക്കൻ മേഖലയിലെ ഉൾനാടൻ മേഖലയിലേക്കു പോയി. പോയകാലത്തിന്റെ ഓർമ്മകളുമായി ഇന്നിപ്പോൾ അവശേഷിക്കുന്നത് ഒരു തടിവള്ളം മാത്രം.സെബാസ്റ്റിയൻ എന്ന മൽസ്യത്തൊഴിലാളിയുടേതാണീ വള്ളം.ഇതിലും ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ചിട്ടുണ്ട്.തീരത്തടുക്കുന്ന വള്ളം മൽസ്യത്തൊഴിലാളികളും സഹായികളും ചേർന്നാണ് കരയിലേക്കു കയറ്റുന്നത്.തെങ്ങിന്റെ കഷണങ്ങളിൽ കയറ്റി വള്ളത്തെ തീരത്തേക്കു എത്തിക്കുന്നു.ഒരു വള്ളത്തിൽ മുന്നും നാലും പേരാണ് പണിക്കു പോകുന്നത്.തീരത്തണഞ്ഞാൽ മീനഴിക്കാനും,വള്ളം കയറ്റാനുമൊക്കെ സഹായികളുണ്ട്.

ഇവിടെ ഞങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.ട്രോളിംഗ് ബോട്ടുകൾ നടത്തുന്ന പെയർ ട്രോളിംഗ്.വലിയ ഇൻബോർഡ് വള്ളങ്ങൾ തീരക്കടലിൽ കടന്നുകയറി റിംഗ്സീൻ ഉപയോഗിച്ചു മീൻ കുഞ്ഞുങ്ങളെയടക്കം കോരിയെടുക്കുന്നു,പിന്നെ ഗുജറാത്തു വല കൊണ്ടു ട്രോളിംഗ് ബോട്ടുകൾ തീരക്കടൽ അരിച്ചു പറക്കുന്നു.ഇവിടുത്തെ മൽസ്യത്തൊഴിലാളികൾ പറയുന്നു. ഞങ്ങൾ ഫിഷറീസിൽ പോയി ,കോസ്റ്റൽ പോലീസിൽ പരാതി കൊടുത്തുയാതൊരു രക്ഷയുമില്ല അവരാരും ഞങ്ങളെ കേൾക്കുന്നില്ല.മുഖ്യമന്ത്രിയെ കണ്ടു ഇക്കാര്യം ബോധിപ്പിക്കണമെന്നാണ് ഇവരുടെ ആവിശ്യം.ഇവർ പറയുന്നതു സത്യമാണ്.മാറിമാറി വരുന്ന സീസണുകളൊന്നും ഇവരെ തുണക്കുന്നില്ല.ഇക്കൊല്ലം അപ്രതീക്ഷിതമായി കണവ ചാകര വന്നതു കൊണ്ടാണ് കുറച്ചെങ്കിലും പിടിച്ചു നിന്നത്.വളവിൽ തോപ്പിലെ മൽസ്യത്തൊഴിലാളികൾ നോട്ടിക്കൽ ടൈംസ് കേരള യോടു പറഞ്ഞു.

***വേലിയേറ്റം:*** വളവിൽ തോപ്പു തീരത്തെ നൂറ്റാണ്ടു പഴക്കമുള്ള പോർച്ചുഗീസ് നിർമ്മിത വിളക്കുമാടം പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കണമെന്നും ഇവിടുത്തെ മൽസ്യത്തൊഴിലാളികൾ ആവിശ്യപ്പെടുന്നു.അഞ്ചു തെങ്ങുകോട്ടയും,തങ്കശ്ശേരി കോട്ടയുടെ ഭാഗവുമെല്ലാം സംരക്ഷിക്കുന്ന തരത്തിൽ വളവിൽതോപ്പിലെ ചുണ്ണാമ്പും,സുർക്കിയും കൊണ്ടു ചുടുകല്ലിൽ പോർച്ചൂഗീസ് അധിനിവേശ കാലത്തു തീർത്ത വിളക്കുമാടം സംരക്ഷിക്കുകയും,ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണമെന്നും ഇവർ ആവിശ്യപ്പെടുന്നു.

# കൊല്ലത്ത് കായലിൽ നങ്കൂരമിട്ടിരുന്ന രണ്ട് ബോട്ടുകൾക്ക് തീപിടിച്ചു

കൊല്ലം: കാവനാട് മത്സ്യബന്ധന ബോട്ടുകൾക്ക് തീപിടിച്ചു. മുക്കാട് കായലിൽ നങ്കൂരമിട്ട് കിടന്ന രണ്ട് ബോട്ടുകൾക്കാണ് തീ പിടിച്ചത്. ഗ്യാസ് സിലിണ്ടറിൽനിന്നും തീ പടർന്നതാകാം തീപിടിത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

ഫയർഫോഴ്സ് എത്തി തീ നിയന്ത്രണവിധേയമാക്കി. സംഭവത്തിൽ രണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിസാര പരിക്കേറ്റിട്ടുണ്ട്. ആന്ധ്ര സ്വദേശികളായ രാജു, അശോക് എന്നിവർക്കാണ് പൊള്ളലേറ്റത്.

തീപിടിത്തം ഉണ്ടായ ഉടൻ ബോട്ടുകളുടെ കെട്ടഴിച്ചു വിട്ടു. അതിനാൽ കൂടുതൽ ബോട്ടുകളിലേക്ക് തീ പടരുന്നത് ഒഴിവായി. കായലിനെ നടുഭാഗം ആയതിനാൽ ഫയർഫോഴ്സ് വാഹനം എത്തിക്കാൻ കഴിഞ്ഞില്ല.




# ബംഗളൂരു കവർച്ചാക്കേസ്: പൊലീസ് കോൺസ്റ്റബിൾ അറസ്റ്റിൽ; സംഘത്തിൽ മലയാളിയും

ബംഗളൂരു: എടിഎമ്മിൽ നിക്ഷേപിക്കാൻ കൊണ്ടുവന്ന ഏഴുകോടി രൂപ കൊള്ളയടിച്ച സംഭവത്തിൽ രണ്ടു പേർ പിടിയിൽ. ഇതിലൊരാൾ ഗോവിന്ദരാജ നഗർ പൊലീസ് സ്റ്റേഷനിലെ കോൺസ്റ്റബിളാണ്. ജോലി കഴിഞ്ഞ് മടങ്ങുമ്പോഴാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്.

അതേസമയം, രണ്ടാമത്തെയാൾ മലയാളിയും ബാങ്കിനായി പണം വിതരണം ചെയ്യുന്ന ഏജൻസിയിലെ മുൻ ജീവനക്കാരനുമാണെന്നാണ് വിവരം. ഇയാൾ അടുത്തിടെയാണ് ജോലിയിൽ നിന്നു രാജിവച്ചത്.

ഇരുവരും കഴിഞ്ഞ ആറു മാസമായി സൗഹൃദത്തിലായിരുന്നെന്നും ഏറെ നാളായി ആസൂത്രണം ചെയ്താണ് കവർച്ച നടത്തിയതെന്നും പൊലീസ് പറയുന്നു. കവർച്ച നടന്ന സമയത്ത് ഇരുവരും തുടർച്ചയായി വിളിച്ചിരുന്നതായി കോൾ ഡേറ്റ റെക്കോർഡ് പരിശോധനയിൽ കണ്ടെത്തി. അഞ്ച് പേരടങ്ങുന്നതാണ് കവർച്ച സംഘമെന്നാണ് ബംഗളൂരു പൊലീസ് അറിയിക്കുന്നത്.

# ഐഐഎസ്എഫ് 2025: ബ്രിക്-ആർജിസിബി യിൽ കർട്ടൻ റെയ്സർ പരിപാടി സംഘടിപ്പിച്ചു




**ഐഐഎസ്എഫ് 2025 ന് മുന്നോടിയായി രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ബ്രിക്-ആർജിസിബി) യിൽ സംഘടിപ്പിച്ച കർട്ടൻ റെയ്സർ പരിപാടി ബ്രിക്-ആർജിസിബി ഡയറക്ടർ (അഡീഷണൽ ചാർജ് ) ഡോ. ടി.ആർ. സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.**

തിരുവനന്തപുരം: ഇന്ത്യ ഇൻറർനാഷണൽ സയൻസ് ഫെസ്റ്റിവലിനു (ഐഐഎസ്എഫ് 2025) മുന്നോടിയായി രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ബ്രിക്-ആർജിസിബി) യിൽ കർട്ടൻ റെയ്സർ പരിപാടി സംഘടിപ്പിച്ചു.

ഡിസംബർ 6 മുതൽ 9 വരെ ചണ്ഡീഗഡിൽ നടക്കുന്ന ഐഐഎസ്എഫ് 2025 നെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, ബ്രിക്-ആർജിസിബിയിലെ അത്യാധുനിക ഗവേഷണ, സേവന പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിയായിരുന്നു പരിപാടി. 'വിജ്ഞാൻ സേ സമൃദ്ധി: ഫോർ ആത്മനിർഭർ ഭാരത്' എന്ന ദേശീയ പ്രമേയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

ശാസ്ത്രത്തെ ആഘോഷമാക്കുന്നതിനും അറിവ് പങ്കിടുന്നതിനും ഇന്ത്യയുടെ ശാസ്ത്രശക്തിയെ കൂട്ടായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി ശാസ്ത്രജ്ഞർ, ഗവേഷകർ, നവീനാശയക്കാർ, സംരംഭകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരാൻ ഐഐഎസ്എഫ് ലക്ഷ്യമിടുന്നു.

ബ്രിക്-ആർജിസിബി ഡയറക്ടർ (അഡീഷണൽ ചാർജ് ) ഡോ. ടി.ആർ. സന്തോഷ് കുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. നിലവിലുള്ളതും ഭാവിയിൽ അഭിമുഖീകരിക്കേണ്ടതുമായ നിരവധി വെല്ലുവിളികളെ നേരിടാൻ ശാസ്ത്രാധിഷ്ഠിത നൂതന പരിഹാരങ്ങൾ അനിവാര്യമാണെന്ന് ഡോ. സന്തോഷ് പറഞ്ഞു. യുവജനങ്ങളെ ശാസ്ത്രമേഖലയിലേക്ക് ആകർഷിക്കാൻ ഐഐഎസ്എഫ് പോലുള്ള പരിപാടികൾ വേദിയാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വിജ്ഞാനഭാരതി സെക്രട്ടറി ജനറൽ വിവേകാനന്ദ പൈ ഐഐഎസ്എഫ് 2025 നെക്കുറിച്ചുള്ള അവലോകനം നടത്തി. കേന്ദ്ര സർക്കാർ ആരംഭിച്ച 'ഡിസൈൻ ഫോർ ബയോ ഇ2' ചലഞ്ചിനെക്കുറിച്ച് ബ്രിക് സിഡിഎഫ്ഡി യിലെ ശാസ്ത്രജ്ഞനായ ഡോ. കെ.ബി. ഹരികുമാർ വിദ്യാർത്ഥികളോട് സംസാരിച്ചു.

ആർജിസിബി ശാസ്ത്രജ്ഞരായ ഡോ. ദിലീപ് വാസുദേവൻ, ഡോ. കെ.ആർ. മഹേന്ദ്രൻ എന്നിവർ നിലവിലെ ഗവേഷണ പരിപാടികളെക്കുറിച്ച് പ്രഭാഷണം നടത്തി. പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ആർജിസിബി യുടെ വിവിധ ലബോറട്ടറികൾ സന്ദർശിച്ച് ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കാനുള്ള അവസരവും ലഭിച്ചു. ഡെപ്യൂട്ടി രജിസ്ട്രാർ ഡോ. അനീഷ് എൻ.പി. നന്ദി പറഞ്ഞു.

# ചെങ്ങന്നൂരിനും മാവേലിക്കരയ്ക്കുമിടയിൽ പാലത്തിന്റെ നവീകരണം; ശനിയാഴ്ച മുതൽ ട്രെയിൻ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: ചെങ്ങന്നൂരിനും മാവേലിക്കരയ്ക്കുമിടയിൽ പാലത്തിന്റെ നവീകരണം നടക്കുന്നതിനാൽ ട്രെയിൻ ഗതാഗത നിയന്ത്രണം. ശനിയാഴ്ച രാത്രി 9.05ന് പുറപ്പെടേണ്ട കൊല്ലംഎറണാകുളം മെമു റദ്ദാക്കി.

ഭാഗികമായി റദ്ദാക്കിയവ 22ന് മധുരഗുരുവായൂർ എക്സ്പ്രസ് കൊല്ലത്ത് യാത്ര അവസാനിപ്പിക്കും. 23ന് ഗുരുവായൂർമധുര എക്സ്പ്രസ് കൊല്ലത്ത് നിന്ന് സർവീസ് ആരംഭിക്കും.

22ന് നാഗർകോവിൽ കോട്ടയം എക്സ്പ്രസ് കായംകുളത്ത് യാത്ര അവസാനിപ്പിക്കും. 21ന് 3.20ന് പുറപ്പെടുന്ന ചെന്നൈതിരുവനന്തപുരം സൂപ്പർ 22ന് കോട്ടയത്ത് യാത്ര അവസാനിപ്പിക്കും. 22ന് വൈകിട്ട് 5.15ന് തിരുവനന്തപുരത്തു നിന്നു പുറപ്പെടേണ്ട തിരുവനന്തപുരംചെന്നൈ സൂപ്പർ കോട്ടയത്ത് നിന്ന് രാത്രി 8.05ന് സർവീസ് ആരംഭിക്കും.

വോട്ടേഴ്സ് ലിസ്റ്റിലെ തിരിമറി: പഞ്ചായത്ത് സെക്രട്ടറിയോട് കളക്ടർ വിശദീകരണം തേടി

മലയിൻകീഴ്: വോട്ടേഴ്സ് ലിസ്റ്റിൽ തിരിമറിയെന്ന കോൺഗ്രസിന്റെ ആരോപണത്തിൽ മലയിൻകീഴ് പഞ്ചായത്ത് സെക്രട്ടറി ഗോപകുമാറിനോട് കളക്ടർ അനുകുമാരി വിശദീകരണം തേടി. ഓഫീസ് വാർഡിലെ ക്രമനമ്പറിൽ തുടർച്ചയായുള്ള 42 പേരുടെ മേൽവിലാസം മണപ്പുറം വാർഡിലേക്ക് മാറ്റിയെന്നാണ് പരാതി.

ഇവരുടെ വീടുകളിലെത്തി നേരിൽ കണ്ട് വിവരങ്ങൾ ശേഖരിച്ച് അറിയിക്കാനും കളക്ടർ നിർദ്ദേശിച്ചു. കഴിഞ്ഞ ദിവസം കോൺഗ്രസ് നേതാക്കൾ സെക്രട്ടറിയെ തടഞ്ഞുവച്ച സംഭവത്തിൽ റിട്ടേണിംഗ് ഓഫീസർ കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു. കോൺഗ്രസ് നേതാക്കളായ മലയിൻകീഴ് വേണുഗോപാൽ, ആർ. വി. രാജേഷ്, മലവിള ബൈജു, മണപ്പുറം വാർഡിലെ യു. ഡി. എഫ് സ്ഥാനാർത്ഥി എൻ. ഷാജി, എം. മണികണ്ഠൻ, എസ്. രാധാകൃഷ്ണൻ, എൽ. അനിത എന്നിവർ.

കളക്ടറുടെ ഓഫീസിൽ ഹാജരായി. വോട്ടേഴ്സ് ലിസ്റ്റിലെ തിരിമറിയെന്ന് ആരോപിച്ച ക്രമനമ്പർ അനുസരിച്ച് ഇവർ കളക്ടർക്ക് അടയാളപ്പെടുത്തി നൽകുകയും ചെയ്തു. എന്നാൽ അപേക്ഷ നൽകിയത് പ്രകാരമാണ് ലിസ്റ്റിൽ മാറ്റമുണ്ടായതെന്നാണ് സെക്രട്ടറിയുടെ വാദം.

# ശബരിമല സ്വർണക്കൊള്ള; കടകംപള്ളി സുരേന്ദ്രനെ ചോദ്യം ചെയ്തേക്കും

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് മുൻ മന്ത്രി കടകംപള്ളി സുരേന്ദ്രനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തേക്കും. അറസ്റ്റിലായ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാറിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് അന്വേഷണ സംഘത്തിന്റെ ഈ നീക്കം.സർക്കാർ ഇടപെടൽ ഉണ്ടായോ എന്നു പരിശോധിക്കാനാണ് കടകംപള്ളിയെ ചോദ്യം ചെയ്യുക. പത്മകുമാറിനെ കസ്റ്റഡിയിൽ വാങ്ങി വീണ്ടും ചോദ്യം ചെയ്തശേഷം കടകംപള്ളിക്ക് നോട്ടിസ് നൽകാനാണ് ആലോചന. സ്വർണപ്പാളികൾക്കായി ഉണ്ണികൃഷ്ണൻപോറ്റി അപേക്ഷ നൽകിയത് സർക്കാരിനാണെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ഫയൽ ദേവസ്വം ബോർഡിന്റെ മുന്നിലെത്തിയതെന്നുമാണ് പത്മകുമാറിന്റെ മൊഴി. എന്നാൽ സ്വർണക്കൊള്ളയുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്നും ദേവസ്വം ബോർഡിൻറേത് സ്വതന്ത്ര തീരുമാനമാണെന്നും കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. അപേക്ഷ സർക്കാർ അറിയണമെന്നില്ലെന്നും ഇതുസംബന്ധിച്ച ഒരു ഫയലും തന്റെ മുന്നിൽ വന്നിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. അതേസമയം പോറ്റിക്ക് ദേവസ്വം മന്ത്രിയുമായി പരിചയം ഉണ്ടായിരുന്നെന്നും അന്വേഷണസംഘത്തിനു വിവരം ലഭിച്ചിട്ടുണ്ട്. പോറ്റിയുടെ കൊള്ളയെക്കുറിച്ച് മന്ത്രിക്ക് അറിവുണ്ടായിരുന്നോ, അതോ മന്ത്രിയുടെ മുന്നിലെത്തിയ നിവേദനം ബോർഡിനു കൈമാറുക മാത്രമായിരുന്നോ എന്നീ കാര്യങ്ങളും അന്വേഷണ സംഘം പരിശോധിക്കും.

# കൊടി ഏതായാലും ഒരു ചിരി മുകുന്ദന്

നെയ്യാറ്റിൻകര: തെരഞ്ഞെടുപ്പ് കാലത്ത് മുകുന്ദൻ ഫോട്ടോസിൽ അകത്തും പുറത്തും തിരക്കോട് തിരക്കാണ്. സ്ഥാനാർഥികളുടെ മനസറിഞ്ഞ് പോസ്റ്ററുകൾക്കാവശ്യമായ ഫോട്ടോകൾ പകർത്തി നൽകുന്നതിൽ മുകുന്ദൻ എന്ന ഫോട്ടോഗ്രാഫറുടെ പാടവം നെയ്യാറ്റിൻകരയ്ക്ക് അപ്പുറത്തേയ്ക്കും എത്തിയിട്ടുണ്ട്.

നെയ്യാറ്റിൻകരയ്ക്കു പുറമേ കാട്ടാക്കട, നെടുമങ്ങാട് താലൂക്കുകളിൽ നിന്നു പോലും ചില സ്ഥാനാർഥികൾ മുകുന്ദന്റെ സ്റ്റുഡിയോയിൽ എത്തുന്നു. തെരഞ്ഞെടുപ്പ് വിജ്ഞാപനം പ്രഖ്യാപിച്ച നാൾ മുതലേ മുകുന്ദന്റെ സ്റ്റുഡിയോയിൽ സ്ഥാനാർഥികളുടെ തിരക്ക് തുടങ്ങി. മുന്നണികൾ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിനു മുന്പ് തന്നെ ഫോട്ടോ എടുത്ത് പോസ്റ്റർ ഡിസൈൻ ചെയ്തവരും കുറവല്ല.

ആദ്യത്തെ മൂന്നു ദിവസങ്ങൾക്കുള്ളിൽ തന്നെ രണ്ടായിരത്തിലേറേ സ്ഥാനാർഥികൾ മുകുന്ദന്റെ ഫോട്ടോ സ്റ്റുഡിയോയിലെത്തിയെന്നതും ശ്രദ്ധേയം. മുകുന്ദന്റെ അടുത്ത ബന്ധുവും ഫോട്ടോഗ്രാഫറുമായ സുരേഷും മുകുന്ദനോടൊപ്പം ഈ പ്രവർത്തനങ്ങളിൽ സജീവം. കൊടി ഏതായാലും ഒരു ചിരി മുകുന്ദന് എന്ന വാചകമാണ് മുകുന്ദൻ ഫോട്ടോസിന്റെ പ്രചാരണ വാചകം.

കുറഞ്ഞ തുകയേ ഫോട്ടോയ്ക്ക് വാങ്ങാറുള്ളൂവെങ്കിലും സാന്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒട്ടേറെ സ്ഥാനാർഥികൾക്ക് സൗജന്യമായും ചിത്രം പകർത്തി നൽകിയിട്ടുണ്ട്.

# തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ വിതുരയിലെ യുഡിഎഫ് ഘടക കക്ഷികൾ

വിതുര: തദ്ദേശ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുമെന്ന് വിതുരയിലെ യുഡിഎഫ് ഘടക കക്ഷികൾ. ചില കോൺഗ്രസ് നേതാക്കൾ ഏകപക്ഷീയ സ്ഥാനാർഥി നിർണയം ഉൾപ്പെടെ നടത്തിയെന്ന് ആരോപിച്ചാണ് മുസ്‌ലിം ലീഗ്, ആർഎസ്പി, കേരള കോൺഗ്രസ് എന്നീ കക്ഷികൾ പ്രചാരണത്തിൽ നിന്ന് ഉൾപ്പെടെ വിട്ടു നിൽക്കാൻ തീരുമാനിച്ചത്. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന യുഡിഎഫ് കമ്മിറ്റിയെ നോക്കുകുത്തിയാക്കി കോൺഗ്രസ് സ്ഥാനാർഥികളെ നിശ്ചയിച്ചതായി ഘടക കക്ഷി നേതാക്കളായ എസ്. ഷംനാദ്, സി. മനോഹരൻ, മേമല രാജൻ എന്നിവർ ആരോപിച്ചു.

# മുൻ സിപിഎം കൗൺസിലർ സ്വതന്ത്രസ്ഥാനാർഥി

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര നഗരസഭയിലെ മുൻ സിപിഎം കൗൺസിലർ ഡി. സൗമ്യ സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിക്കുന്നു. സൗമ്യ മൂന്നാം തവണയാണ് ജനവിധി തേടുന്നത്. 2015 -ൽ അത്താഴമംഗലത്തു നിന്നും 2020 -ൽ കവളാകുളത്തു നിന്നും കൗൺസിലിലെത്തി. ഇപ്രാവശ്യം വീണ്ടും സീറ്റ് ആവശ്യപ്പെട്ടെങ്കിലും പാർട്ടി നിഷേധിച്ചു. ആദ്യം വിജയിച്ച അത്താഴമംഗലത്താണ് സ്വതന്ത്രയായി സൗമ്യ മത്സരിക്കുന്നത്. ഈ വാർഡിൽ എൽഡിഎഫിന്റെ ഔദ്യോഗിക സ്ഥാനാർഥി സിപിഎമ്മിലെ ആർ. അഖിലയാണ്.

# പള്ളിച്ചൽ പഞ്ചായത്തിലെ എൻഡിഎ സ്ഥാനാർഥികളെ പ്രഖ്യാപിച്ചു

നേമം: പള്ളിച്ചൽ പഞ്ചായത്തിലെ എൻഡിഎ സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. പാമാംകോട്-എസ്. കെ. സനൽ, മൂക്കുന്നിമല- എസ്. ശ്രീകുമാരി, കണ്ണംകോട്മുക്കുനട -സജികുമാർ, കുളങ്ങരക്കോണം-ആർ. എം. ദീപ. നടുക്കാട്-രഞ്ജിത്, നരുവാമൂട് -പി. ആർ. രശ്മി, വെള്ളാപ്പള്ളി- ഉജാദേവി, മുക്കംപാലമൂട്-പി. കെ. സന്തോഷ് കുമാർ, താന്നിവിള-എ. രാധാകൃഷ്ണൻ, വടക്കേവിള-എസ്. സജി, പൂങ്കോട്-ജെ. സുരഭി, ഭഗവതിനട-പി. എസ്. ചിത്ര, കേളേശ്വരം-എസ്. എ. ഷൈനി. ഓഫിസ് വാർഡ്-എം. എസ്. മുരളികൃഷ്ണൻ, വെടിവച്ചാൻകോവിൽ-എ. ജി. സദാശിവൻ, കൊറണ്ടിവിള- എം. എസ്. സീന, മുതുവല്ലൂർക്കോണം- ജി. എൽ. ധന്യ, അയണിമൂട് -വി. ഐ. സാബു, മൊട്ടമൂട്-അനിൽകുമാർ. കൈതൂർക്കോണം-മാലിനി മോഹൻ, ഇടയ്ക്കോട്-ബിനു ചന്ദ്രൻ, പള്ളിച്ചൽ-വി. മായ, കുണ്ടറത്തേരി-എൽ. ജിജി, പ്രാവച്ചമ്പലം-ഡി. ശ്രീകുമാർ.

# തൃശൂരിൽ തീയറ്റർ നടത്തിപ്പുകാരന് ഗുണ്ടാ സംഘത്തിന്റെ കുത്തേറ്റു

തൃശൂർ: തൃശൂരിൽ ഗുണ്ടാ സംഘം തീയറ്റർ നടത്തിപ്പുകാരനെ കുത്തി. രാഗം തിയേറ്ററിന്റെ നടത്തിപ്പുകാരൻ സുനിലിനാണ് കുത്തേറ്റത്. വെളപ്പായയിലെ വീടിന് മുന്നിൽ വച്ചായിരുന്നു സംഭവം. വീടിന്റെ ഗേറ്റ് തുറക്കുന്നതിനായി സുനിൽ കാറിൽനിന്ന് ഇറങ്ങിയപ്പോൾ മൂന്നംഗ ഗുണ്ടാ സംഘം സുനിലിനെ കുത്തുകയായിരുന്നു. ഡ്രൈവർ അനീഷിനും വെട്ടേറ്റു.സാമ്പത്തിക ഇടപാടിനെ ചൊല്ലിയുള്ള തർക്കമാണെന്ന് സൂചന. ആക്രമണത്തിൽ കാറിന്റെ ചില്ല് തകർത്തു. കാറിനകത്തിരുന്ന സുനിലിന്റെ കാലിനാണ് പരിക്ക്. ഡ്രൈവർ അനീഷിന്റെ കൈയ്ക്കും പരിക്കേറ്റിട്ടുണ്ട്. സംഭവം ക്വട്ടേഷൻ ആക്രമണമാണെന്ന് പോലീസ് അറിയിച്ചു.

# വൈഷ്ണയുടെ വോട്ട് വെട്ടൽ: ആരോപണം മേയർ ആര്യയിലേക്കും ഓഫീസിലേക്കും

തിരുവനന്തപുരം: തിരുവനന്തപുരം കോർപറേഷൻ മുട്ടട വാർഡിലെ യുഡിഎഫ് സ്ഥാനാർഥി വൈഷ്ണ സുരേഷിന്റെ വോട്ടു വെട്ടിയതിനു നേതൃത്വം നൽകിയത് കോർപ്പറേഷനുമായി ബന്ധപ്പെട്ട രാഷ്ട്രീയ-ഉദ്യോഗസ്ഥ നേതൃത്വമെന്ന് ആരോപണം.

മേയർ ആര്യാ രാജേന്ദ്രൻ നേരിട്ടെത്തി കോർപ്പറേഷനിലെ ഉദ്യോഗസ്ഥരെ കണ്ടാണ് വൈഷ്ണയുടെ വോട്ട് ഒഴിവാക്കിയതെന്നാണ് കോൺഗ്രസ് നേതാവ് കെ. മുരളീധരന്റെ ആരോപണം. ഇടതുസംഘടനാ നേതാക്കളാണ് ഇതിനു നേതൃത്വം നൽകിയതെന്നാണ് പരാതി.

കോർപ്പറേഷനിലെ തെരഞ്ഞെടുപ്പു ചുമതലയുള്ള അഡീഷണൽ സെക്രട്ടറി, ഹിയറിംഗ് ഉദ്യോഗസ്ഥൻ, അന്വേഷണ ഉദ്യോഗസ്ഥ എന്നിവർക്ക് ഗുരുതരമായ വീഴ്ചയുണ്ടായി എന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ കണ്ടെത്തിയത്.

എന്നാൽ ഇത് ഉദ്യോഗസ്ഥർമാത്രം ചെയ്തതല്ലെന്നും സിപിഎം നേതാക്കളുടെ നിർദേശപ്രകാരമുള്ള ഗൂഢാലോചനയാണെന്നാണ് കോൺഗ്രസ് ആരോപണം.

യുഡിഎഫ് ഏറ്റവും പ്രായംകുറഞ്ഞ ആളെ രംഗത്തിറക്കിയതോടെയാണ് വളഞ്ഞവഴിയിലൂടെ പുറത്താക്കാനുള്ള ശ്രമം തുടങ്ങിയതെന്നാണ് ആരോപണം.

അഡീഷണൽ സെക്രട്ടറി സജികുമാർ മുതൽ അന്വേഷണത്തിനു പോയ ബിൽ കളക്ടർ വരെയുള്ളവർ സിപിഎമ്മിന്റെ നിർദേശപ്രകാരമാണ് പ്രവർത്തിച്ചതെന്നും ഇതിനെതിരേ നിയമനടപടി സ്വീകരിക്കുമെന്നും കെ. മുരളീധരൻ പറഞ്ഞു.

# തളിര് സ്കോളർഷിപ്പ്: പരീക്ഷാതീയതികൾ പ്രഖ്യാപിച്ചു

തളിര് സ്കോളർഷിപ്പ് 2025 – ജില്ലാതല പരീക്ഷാതീയതികൾ പ്രഖ്യാപിച്ചു. സീനിയർ വിഭാഗം (8, 9, 10 ക്ലാസുകൾ) നവംബർ 29നും ജൂനിയർ വിഭാഗം (5, 6, 7 ക്ലാസുകൾ) നവംബർ 30നും നടക്കും. വൈകിട്ട് 3 മണി മുതൽ 3.50 വരെയാണ് ഓൺലൈൻ പരീക്ഷ. ഓൺലൈൻ പരീക്ഷാസോഫ്റ്റുവെയറിൽ പരിശീലനം നൽകുന്നതിനുള്ള മോക്ക് ടെസ്റ്റുകൾ നവംബർ 25, 26 തീയതികളിൽ നടക്കും. 22നു മുമ്പായി പരീക്ഷ തീയതി സംബന്ധിച്ച എസ്.എം.എസുകൾ പരീക്ഷാർത്ഥികൾക്ക് അയയ്ക്കും. നവംബർ 24ന് വൈകിട്ട് മോക്ക് പരീക്ഷ സംബന്ധമായ എസ്.എം.എസുകൾ അയയ്ക്കും. വിശദമായ വിവരവും ജില്ലാതല ഹെൽപ് ലൈൻ നമ്പറുകളും ksicl.org യിൽ ലഭിക്കും. 100 ചോദ്യങ്ങളാണ് ഓൺലൈൻ പരീക്ഷയ്ക്ക് ഉണ്ടാവുക. 50 മിനിറ്റാണ് അനുവദിച്ചിരിക്കുന്ന സമയം. കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ടാബ്ലെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷയിൽ പങ്കെടുക്കാം. ഗൂഗിൾ ക്രോം, മോസില്ല ഫയർഫോക്സ് തുടങ്ങിയ ബ്രൗസറുകളുടെ ഏറ്റവും പുതിയ വേർഷനുകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കണം. മലയാളത്തിലുള്ള ചോദ്യങ്ങളുടെ ഇംഗ്ലീഷ് പരിഭാഷയും ചോദ്യത്തോടൊപ്പം ലഭ്യമായിരിക്കും.

എന്നാൽ മലയാളഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഇംഗ്ലീഷ് പരിഭാഷ നൽകില്ല. മലയാളഭാഷയും സാഹിത്യവും, ചരിത്രം, പൊതുവിജ്ഞാനവും സമകാലികവും, തളിര് മാസിക എന്നിവയെ ആസ്പദമാക്കിയാവും ചോദ്യങ്ങൾ. തളിര് മാസികയുടെ പഴയ ലക്കങ്ങൾ ksicl.org യിൽ ലഭ്യമാണ്. ജില്ലാതല പരീക്ഷയിൽ സീനിയർ, ജൂനിയർ വിഭാഗങ്ങളിൽ ആദ്യമെത്തുന്ന 50 സ്ഥാനക്കാർക്ക് ജില്ലാതല സ്കോളർഷിപ്പായ 1,000 രൂപയും സർട്ടിഫിക്കറ്റും ലഭ്യമാവും. ജില്ലാതല പരീക്ഷയിൽ ഏറ്റവും കൂടുതൽ സ്കോർ നേടുന്ന ഒരു പരീക്ഷാർത്ഥിക്കു മാത്രമാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കും. പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും 2026 ജനുവരി മുതൽ ഡിസംബർ വരെയുള്ള തളിര് മാസിക തപാലിൽ ലഭിക്കും.

# എസ്ഐആർ: ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും

തിരുവനന്തപുരം: തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം ചോദ്യം ചെയ്ത് സംസ്ഥാന സർക്കാരും കോൺഗ്രസ്, സിപിഎം, സിപിഐ, മുസ്ലിം ലീഗ് അടക്കമുള്ള രാഷ്ട്രീയ പാർട്ടികളും നൽകിയ ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും. ജസ്റ്റീസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. ബീഹാർ എസ്ഐആറും ഇതേ ബെഞ്ചാണ് പരിഗണിക്കുന്നത്. കേസിൽ സംസ്ഥാന സർക്കാരിനായി മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ ഹാജരാകും. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ എസ്ഐആർ മരവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചത്.എന്നാൽ എസ്ഐആർ തന്നെ ഭരണഘടന വിരുദ്ധം എന്ന വാദമാണ് മുസ്ലിംലീഗ്, കോൺഗ്രസ്, സിപിഎം, സിപിഐ ഉൾപ്പെടെയുള്ള പാർട്ടികൾ ഉന്നയിക്കുന്നത്. സ്റ്റേ ആവശ്യം പ്രധാനമായി ഉന്നയിക്കാനാണ് സിപിഎം അടക്കം രാഷ്ട്രീയ പാർട്ടികളുടെ തീരുമാനം. നേരത്തെ ബീഹാറിലെ എസ്ഐആറുമായി ബന്ധപ്പെട്ട ഹർജികളിൽ സ്റ്റേ ആവശ്യം ഉന്നയിച്ചിരുന്നെങ്കിലും കോടതി അംഗീകരിച്ചിരുന്നില്ല.

# അപേക്ഷാ തീയതി നീട്ടി

2026 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി ഗൾഫ്, ലക്ഷദ്വീപ് മേഖലകളിലെ പരീക്ഷ സെന്ററുകളിൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരുടെ നിയമനത്തിനുള്ള അപേക്ഷ iExaMS ന്റെ വെബ്സൈറ്റ് (https://sslcexam.kerala.gov.in) മുഖേന അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ 27 വരെ നീട്ടി.

# വിലനിലവാര സൂചിക

എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിക്സ് വകുപ്പ് 2025 സെപ്റ്റംബർ മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2025 ആഗസ്റ്റ് മാസത്തിലേത് ബ്രാക്കറ്റിൽ. തിരുവനന്തപുരം 219 (220), കൊല്ലം 215 (216), പുനലൂർ 208 (207), പത്തനംതിട്ട 226 (224), ആലപ്പുഴ 216 (216), കോട്ടയം 226 (226), മുണ്ടക്കയം 227 (228), ഇടുക്കി 219 (222), എറണാകുളം 209 (210), ചാലക്കുടി 226 (227), തൃശൂർ 225 (226), പാലക്കാട് 203 (203), മലപ്പുറം 217 (220), കോഴിക്കോട് 221 (223), വയനാട് 216 (217), കണ്ണൂർ 225 (227), കാസർഗോഡ് 234 (237).

# കർഷക കടാശ്വാസ കമ്മീഷൻ സിറ്റിങ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നവംബർ 26ന് തിരുവനന്തപുരം ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നേരിട്ടും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് ജില്ലകളിലെ കർഷകരുടെ അപേക്ഷകളുടെ സിറ്റിംഗ് ഓൺലൈനായും നടത്തും. ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിലുള്ള കർഷക കടാശ്വാസ കമ്മീഷൻ ഓഫീസിൽ നടത്തുന്ന സിറ്റിംഗ് രാവിലെ 9 ന് ആരംഭിക്കും.

ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. സിറ്റിംഗിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് എത്തിച്ചേരണം.

# ഉമർ നബി ബോംബ് ഉണ്ടാക്കിയത് ഇങ്ങനെ; യന്ത്രങ്ങൾ കിട്ടി

ന്യൂഡൽഹി: ഡൽഹിയിൽ ഉമർ നബി നടത്തിയ ചാവേർ ബോംബ് സ്ഫോടനത്തിന്റെ സുപ്രധാന തെളിവുകൾ കണ്ടെത്തി അന്വേഷണസംഘം.

കൂട്ടുപ്രതിയും വിവാദ അൽ ഫലാഹ് സർവകലാശാലയിലെ ഡോക്ടറുമായ മുസമ്മിൽ ഷക്കീൽ ബോംബ് നിർമാണത്തിന് ഉപയോഗിച്ച യന്ത്രങ്ങളാണു കണ്ടെത്തിയത്. രാസവസ്തുക്കൾ പൊടിക്കാനുള്ള മില്ലും ശുദ്ധീകരിക്കാനുള്ള മറ്റ് ഉപകരണങ്ങളുമാണ് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയത്. ഹരിയാന ഫരീദാബാദിലെ ടാക്സി ഡ്രൈവറുടെ വീട്ടിൽനിന്നു കണ്ടെടുത്ത പൊടി മില്ലിന്റെയും ഇലക്ട്രിക്കൽ യന്ത്രങ്ങളുടെയും ചിത്രങ്ങൾ ദേശീയ മാധ്യമങ്ങൾ പുറത്തുവിട്ടു.

ജമ്മു കാഷ്മീരിലെ പുൽവാമ സ്വദേശിയായ മുസമ്മിൽ, ടാക്സി ഡ്രൈവറുടെ മുറി വാടകയ്ക്കെടുത്തിരുന്നു. ഇവിടെ പൊടി മില്ല് സ്ഥാപിക്കുകയായിരുന്നു.

യൂറിയ മില്ലിൽവച്ച് നന്നായി പൊടിച്ച ശേഷം ഇലക്ട്രിക്കൽ മെഷീൻ ഉപയോഗിച്ച് ശുദ്ധീകരിച്ച് രാസവസ്തുക്കൾ തയാറാക്കുകയായിരുന്നു. വളരെക്കാലമായി യൂറിയയിൽനിന്ന് അമോണിയം നൈട്രേറ്റ് വേർതിരിക്കാനും സ്ഫോടക വസ്തുക്കൾ തയാറാക്കാനും മില്ലും മറ്റു ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ടെന്നു ചോദ്യം ചെയ്യലിൽ മുസമ്മിൽ സമ്മതിച്ചു.

നാലു വർഷം മുമ്പു തന്റെ മകനെ ചികിത്സയ്ക്കായി അൽ ഫലാഹ് മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിയപ്പോഴാണ് മുസമ്മിലുമായി പരിചയത്തിലായതെന്നു ടാക്സി ഡ്രൈവർ എൻഐഎയോട് പറഞ്ഞതായി അന്വേഷണ വൃത്തങ്ങൾ അറിയിച്ചു.

# അംബേദ്കർ വഴികാട്ടി, ഈ പദവി സ്വപ്നം കാണാൻ പറ്റുമെന്ന് കരുതിയിരുന്നില്ല': യാത്രയയപ്പ് ചടങ്ങിൽ വികാരാധീനനായി ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: ഭരണഘടനയും ഡോ. ബി. ആർ. അംബേദ്കറുമാണ് തന്റെ വഴികാട്ടികളെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റീസ് ബി. ആർ. ഗവായ്. തന്റെ വിധികളിലൂടെ പൗരാവകാശമുയർത്തിപ്പിടിക്കാനാണ് ശ്രമിച്ചതെന്നും അധികാര പദവി ജനസേവനത്തിനുള്ള മാർഗമായിട്ടാണ് കാണുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുനിസിപ്പൽ സ്കൂളിന്റെ നിലത്തിരുന്ന് പഠിച്ച ഒരു കുട്ടിക്ക് ഈ പദവി സ്വപ്നം കാണാൻ പറ്റുമെന്ന് ഞാൻ കരുതിയിരുന്നില്ല. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ഭരണഘടനയുടെ നാല് തൂണുകളും എന്റെ ജീവിതത്തിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. തന്റെ പ്രയാണത്തിൽ സുപ്രീം കോടതിയിലെ സമൂഹം നൽകിയ പിന്തുണ വലുതാണെന്നും ബി. ആർ. ഗവായ് പറഞ്ഞു.

സുപ്രീം കോടതി അഡ്വക്കറ്റ്സ് ഓൺ റെക്കോർഡ് അസോസിയേഷൻ (എസ്സിഎഒആർഎ) നൽകിയ യാത്രയയപ്പ് ചടങ്ങിലായിരുന്നു ഗവായിയുടെ വൈകാരിക പ്രസംഗം. ഈ മാസം 23നാണ് ബി. ആർ. ഗവായ് വിരമിക്കുന്നത്. ഇന്നാണ് അദ്ദേഹത്തിന്റെ അവസാന പ്രവൃത്തി ദിവസം. സുപ്രീം കോടതി ബാർ അസോസിയേഷന്റെ ഔദ്യോഗികയാത്രയപ്പ് വൈകുന്നേരം നടക്കും. പുതിയ ചീഫ് ജസ്റ്റീസായി ജസ്റ്റീസ് സൂര്യകാന്ത് തിങ്കളാഴ്ച സ്ഥാനമേൽക്കും.

# മകളെ പിന്നിൽനിന്നും വെട്ടി അമ്മ; നരബലി നൽകാൻ ശ്രമം

ബംഗളൂരു: ക്ഷേത്രത്തിൽ മകളെ നരബലി നൽകാൻ ശ്രമിച്ച അമ്മ പിടിയിൽ. കഴുത്തിനുപിന്നിൽ വെട്ടേറ്റ മകളെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബംഗളൂരു അഗ്രഹാര ലേഔട്ടിലെ ഹരിഹരേശ്വര ക്ഷേത്രത്തിലാണ് സംഭവം. അനേക്കലിൽ താമസിക്കുന്ന സരോജമ്മയാണ് (55) മകൾ രേഖയെ (25) വെട്ടിയത്. ഇരുവരും കഴിഞ്ഞദിവസം രാവിലെ നാലരയോടെ ക്ഷേത്രത്തിൽ ദർശനത്തിനെത്തിയതായിരുന്നു. പ്രാർഥിച്ചുകഴിഞ്ഞപ്പോഴാണ് സരോജമ്മ മകളെ പിന്നിൽനിന്ന് അരിവാൾ ഉപയോഗിച്ച് വെട്ടിയത്. രേഖയുടെ നിലവിളികേട്ട് ഓടിക്കൂടിയവർ സരോജമ്മയെ പിടിച്ചുമാറ്റുകയായിരുന്നു. കഴുത്തിനുപിന്നിൽ ഗുരുതരമായി വെട്ടേറ്റ രേഖയെ ഉടനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രേഖയും ഭർത്താവും സ്ഥിരമായി വഴക്കടിക്കാറുണ്ടായിരുന്നു. കഴിഞ്ഞദിവസം വീട്ടിൽവന്ന മകളുമായി സരോജമ്മ ക്ഷേത്രത്തിലെത്തുകയായിരുന്നു. ജ്യോത്സ്യന്റെ നിർദേശപ്രകാരമാണ് മകളെ നരബലിനൽകാൻ സരോജമ്മ തീരുമാനിച്ചതെന്നാണ് സംശയം. ഇതുസംബന്ധിച്ച് കൂടുതൽ അന്വേഷണം ആരംഭിച്ചെന്ന് പോലീസ് പറഞ്ഞു.

# കേരളത്തിൽ എസ്ഐആറിന് സ്റ്റേ ഇല്ല; സംസ്ഥാനത്തിന്റെ ഹർജികൾ പ്രത്യേകം പരിഗണിക്കുമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: കേരളത്തിലെ എസ്ഐആർ നടപടികൾക്ക് സ്റ്റേയില്ലെന്ന് സുപ്രീം കോടതി. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ എസ്ഐആർ മരവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചത്.

വിഷയത്തിൽ തെരഞ്ഞെടുപ്പ് കമ്മിഷന് നോട്ടീസ് അയച്ച സുപ്രീം കോടതി ഹർജികൾ 26 ന് വിശദമായി പരിഗണിക്കാൻ മാറ്റി. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പ് നടക്കുകയാണെന്ന് സർക്കാർ ചൂണ്ടിക്കാട്ടിയപ്പോൾ കേരളത്തിലെ ഹർജികൾ പ്രത്യേകം പരിഗണിക്കുമെന്നാണ് കോടതി അറിയിച്ചത്.

ജസ്റ്റീസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്. കേസിൽ സംസ്ഥാന സർക്കാരിനായി മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ ഹാജരായി.

നേരത്തെ ബിഹാറിലെ എസ്ഐആറുമായി ബന്ധപ്പെട്ട ഹർജികളിൽ സ്റ്റേ ആവശ്യം ഉന്നയിച്ചിരുന്നെങ്കിലും കോടതി അംഗീകരിച്ചിരുന്നില്ല.

# പി. വി. അൻവറിന്റെ വീട്ടിലും സ്ഥാപനങ്ങളിലും ഇഡി റെയ്ഡ്

മലപ്പുറം: തൃണമൂൽ കോൺഗ്രസ് നേതാവ് പി. വി. അൻവറിന്റെ വീട്ടിലും സ്ഥാപനങ്ങളിലും ഇഡി റെയ്ഡ്. സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ടാണ് റെയ്ഡ് നടക്കുന്നത്. അൻവറിന്റെ മലപ്പുറത്തെ വീട്ടിലും മഞ്ചേരി പാർക്കിലും സഹായി സിയാദിന്റെ വീട്ടിലും ഇഡി പരിശോധന നടക്കുന്നുണ്ട്. ഇന്നു രാവിലെ 6.30യോടെയാണ് അൻവറിന്റെ വീട്ടിലെ പരിശോധന തുടങ്ങിയത്. ചെന്നൈ, കോഴിക്കോട്, കൊച്ചി യൂണിറ്റുകളാണ് പരിശോധന നടത്തുന്നത്.

2015 ലാണ് അൻവറും സഹായി സിയാദും ചേർന്ന് 12 കോടി രൂപ കെഎഫ്സി(കേരള ഫിനാൻഷ്യൽ കോർപറേഷൻ)യിൽനിന്ന് കടമെടുത്തത്. ഈ കേസ് നിലവിൽ വിജിലൻസും അന്വേഷിക്കുന്നുണ്ട്.

അൻവറിന്റെ സിൽസില പാർക്കിൽ കഴിഞ്ഞ ദിവസം വിജിലൻസ് പരിശോധന നടന്നിരുന്നു. മതിയായ രേഖകളില്ലാതെയാണ് അൻവർ മലപ്പുറത്തെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോണെടുത്തത്. ഉദ്യോഗസ്ഥരുമായി ഗൂഢാലോചന നടത്തിയാണ് വായ്പയെടുത്തെന്നാണ് ആക്ഷേപം.

ഇക്കാലയളവിൽ അൻവർ എൽഡിഎഫിനൊപ്പം ചേർന്നായിരുന്നു പ്രവർത്തിച്ചിരുന്നത്. ഭരണസ്വാധീനം ഉപയോഗിച്ച് വായ്പയെടുത്തെന്നാണ് വിജിലൻസിന്റെ കണ്ടെത്തൽ. അഞ്ചു കോടിയുടെ മുകളിലേക്കുള്ള സാമ്പത്തിക തിരിമറി ആയതിനാലാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പരിശോധന നടത്തുന്നത്.

# ചെങ്കോട്ട സ്ഫോടനം: പ്രതികൾക്ക് വിദേശത്തുനിന്ന് ലഭിച്ചത് 42 ബോംബ് നിർമാണ വീഡിയോകൾ

ന്യൂഡൽഹി: ഡൽഹി ചെങ്കോട്ട സ്ഫോടനക്കേസിൽ നിർണായക വഴിത്തിരിവ്. വൈറ്റ് കോളർ ഭീകര സംഘത്തിന് വിദേശത്ത് നിന്ന് 42 ബോംബ് നിർമാണ വീഡിയോകൾ ലഭിച്ചെന്ന് അന്വേഷണ സംഘം. ദേശീയമാധ്യമത്തോടാണ് അന്വേഷണസംഘം ഇക്കാര്യം വെളിപ്പെടുത്തിയത്.

കേസിൽ അറസ്റ്റിലായ അൽ ഫലാഹ് മെഡിക്കൽ കോളജിലെ ഡോക്ടർ മുസമ്മിൽ അഹമ്മദ് ഗനായിയുടെ ഫോൺ, ലാപ്ടോപ്പ് എന്നിവയിൽ നിന്നാണ് അന്വേഷണസംഘം വീഡിയോകൾ കണ്ടെത്തിയത്.

ഹൻസുള്ള എന്ന വിദേശ ഹാൻഡിലുകളിൽ നിന്നാണ് മുസമ്മിൽ അഹമ്മദ് ഗനായിയുടെ ലാപ്ടോപ്പിലേക്ക് വീഡിയോകൾ ലഭിച്ചിരിക്കുന്നത്. സ്ഫോടനം നടത്തിയ ഉമർ നബിയുടെ സഹപ്രവർത്തകനും കൂട്ടാളിയുമായിരുന്നു അറസ്റ്റിലായ ഗനായി. ചാവേർ ആക്രമണത്തിന് പ്രതികളെ പ്രേരിപ്പിക്കുന്ന തരത്തിലുള്ളതാണ് വീഡിയോകളെന്നും അന്വേഷണ സംഘം പറഞ്ഞു.

സ്ഫോടനത്തിലെ പ്രതികൾക്ക് അഫ്ഗാനിസ്ഥാനിൽ പരിശീലനം ലഭിച്ചെന്നും അന്വേഷണ സംഘം സംശയിക്കുന്നു. മുസമ്മിൽ അഹമ്മദ് ഗനായി ഉൾപ്പെടെയുള്ളവർ തുർക്കി വഴി അഫ്ഗാനിസ്ഥാനിൽ എത്തിയതായും അന്വേഷണ സംഘം കരുതുന്നു. ഭീകരർക്ക് തുർക്കിയിൽ നിന്ന് സഹായം ലഭിച്ചിരുന്നെന്ന് നേരത്തെ അന്വേഷണ സംഘം കണ്ടെത്തിയിരുന്നു.

# വിജയ്യുടെ സേലത്തെ പൊതുയോഗത്തിന് അനുമതിയില്ല

ചെന്നൈ: തമിഴകം വെട്രി കഴകം അധ്യക്ഷനും നടനുമായ വിജയ്യുടെ സേലത്തെ പൊതുയോഗത്തിന് അനുമതിയില്ല. ഡിസംബർ നാലിന് പൊതുയോഗം സംഘടിപ്പിക്കാൻ ടിവികെ നൽകിയ അപേക്ഷ ജില്ലാ പൊലീസ് മേധാവി നിരസിച്ചു. കാർത്തിക ദീപം ആയതിനാൽ തിരുവണ്ണാമല ക്ഷേത്രത്തിലെ സുരക്ഷാ ജോലിക്ക് പോലീസുകാരെ നിയോഗിക്കണം എന്നാണ് വിശദീകരണം. ബാബ്റി മസ്ജിദ് ദിനമായ ഡിസംബർ ആറിന് പൊതുയോഗം അനുവദിക്കില്ലെന്നും എസ്പി അറിയിച്ചു. എന്നാൽ, മറ്റൊരു ദിവസത്തേക്ക് അപേക്ഷ നൽകിയാൽ അനുകൂല തീരുമാനം ഉണ്ടാകുമെന്നും പൊലീസ് സൂചിപ്പിച്ചു. ഡിസംബർ രണ്ടാം വാരത്തേക്ക് പുതിയ അപേക്ഷ ടിവികെ നൽകിയേക്കും. കരൂർ ദുരന്തത്തിനുശേഷം ടിവികെയുടെ ആദ്യ യോഗം ആണ് സേലത്ത് നിശ്ചയിരുന്നത്.

# റഷ്യയിൽനിന്നുള്ള ക്രൂഡ് ഓയിൽ ഇറക്കുമതി റിലയൻസ് നിർത്തി

ഡൽഹി: റഷ്യൻ എണ്ണ കമ്പനികൾക്കുള്ള യുഎസ് ഉപരോധം ഇന്ന് നിലവിൽ വന്ന സാഹചര്യത്തിൽ റഷ്യയിൽനിന്നുള്ള ക്രൂഡ് ഓയിൽ ഇറക്കുമതി റിലയൻസ് റിഫൈനറി നിർത്തി. വിദേശത്തേക്ക് എണ്ണ കയറ്റുമതി ചെയ്യുന്ന റിഫൈനറിയിലേക്ക് റഷ്യൻ ക്രൂഡ് ഓയിൽ എത്തിക്കുന്നതാണ് നിർത്തിയത്. റഷ്യയിൽ നിന്നുള്ള രണ്ട് കമ്പനികൾക്ക് അമേരിക്ക ഉപരോധം ഏർപ്പെടുത്തിയിരുന്നു. കഴിഞ്ഞ മാസം പ്രഖ്യാപിച്ച ഈ ഉപരോധം ഇന്നാണ് നിലവിൽ വന്നത്. റിലയൻസ് റഷ്യയിൽനിന്ന് ക്രൂഡ് ഓയിൽ എത്തിക്കുകയും അതിന് ശേഷം ഇത് സംസ്കരിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തുകയും ചെയ്യുന്നുണ്ട്.

# ഇന്നു മുതൽ മഴ തകർക്കും; ഏഴു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നു മഴ ശക്തമാകുമെന്ന് കാലാവസ്ഥാ പ്രവചനം. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ യെല്ലോ അലർട്ടാണ്. ശനിയാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും ഞായറാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

അതേസമയം, ഇന്ന് ആൻഡമാൻ കടൽ, അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

തെക്കൻ ആൻഡമാൻ കടലിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. മേൽപ്പറഞ്ഞ തീയതികളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

# ചെങ്ങന്നൂരിനും മാവേലിക്കരയ്ക്കുമിടയിൽ പാലത്തിന്റെ നവീകരണം; ശനിയാഴ്ച മുതൽ ട്രെയിൻ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: ചെങ്ങന്നൂരിനും മാവേലിക്കരയ്ക്കുമിടയിൽ പാലത്തിന്റെ നവീകരണം നടക്കുന്നതിനാൽ ട്രെയിൻ ഗതാഗത നിയന്ത്രണം. ശനിയാഴ്ച രാത്രി 9.05ന് പുറപ്പെടേണ്ട കൊല്ലംഎറണാകുളം മെമു റദ്ദാക്കി.

ഭാഗികമായി റദ്ദാക്കിയവ 22ന് മധുരഗുരുവായൂർ എക്സ്പ്രസ് കൊല്ലത്ത് യാത്ര അവസാനിപ്പിക്കും. 23ന് ഗുരുവായൂർമധുര എക്സ്പ്രസ് കൊല്ലത്ത് നിന്ന് സർവീസ് ആരംഭിക്കും.

22ന് നാഗർകോവിൽ കോട്ടയം എക്സ്പ്രസ് കായംകുളത്ത് യാത്ര അവസാനിപ്പിക്കും. 21ന് 3.20ന് പുറപ്പെടുന്ന ചെന്നൈതിരുവനന്തപുരം സൂപ്പർ 22ന് കോട്ടയത്ത് യാത്ര അവസാനിപ്പിക്കും.

22ന് വൈകിട്ട് 5.15ന് തിരുവനന്തപുരത്തുനിന്നു പുറപ്പെടേണ്ട തിരുവനന്തപുരംചെന്നൈ സൂപ്പർ കോട്ടയത്ത് നിന്ന് രാത്രി 8.05ന് സർവീസ് ആരംഭിക്കും.

**22ന് ആലപ്പുഴ വഴി തിരിച്ചു വിടുന്നവ:**

തിരുവനന്തപുരംചെന്നൈ മെയിൽ, തിരുവനന്തപുരംശ്രീഗംഗാനഗർ വീക്ക്ലി, തിരുവനന്തപുരം നോർത്ത്ലോകമാന്യതിലക് വീക്ക്ലി, തിരുവനന്തപുരം നോർത്ത്ബംഗളൂരു ഹംസഫർ, തിരുവനന്തപുരംമംഗളൂരു മലബാർ, കന്യാകുമാരിദിബ്രുഗഡ് വിവേക് എക്സ്പ്രസ്, തിരുവനന്തപുരം രാമേശ്വരം അമൃത എക്സ്പ്രസ്, തിരുവനന്തപുരം നോർത്ത്നിലമ്പൂർ രാജ്യറാണി, തിരുവനന്തപുരംമംഗളൂരു എക്സ്പ്രസ്.

**വൈകുന്ന ട്രെയിനുകൾ**

23ന് രാവിലെ 4.20ന് പുറപ്പെടുന്ന കൊല്ലംഎറണാകുളം മെമു, 22ന് രാത്രി പുറപ്പെട്ട് 23ന് കേരളത്തിൽ എത്തുന്ന തൂത്തുകുടിപാലക്കാട് പാലരുവി എക്സ്പ്രസ്, 22നുള്ള തിരുവനന്തപുരംഎറണാകുളം വഞ്ചിനാട് എക്സ്പ്രസ് എന്നിവ 30 മിനിറ്റോളം വൈകും.

# ഹോളോഗ്രാം രജിസ്ട്രേഷൻ: വിവരങ്ങൾ നൽകണം

ഹോമിയോപ്പതിക് മെഡിസിൻ കൗൺസിലിൽ (കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്) നിന്നും ഹോളോഗ്രാം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഹോമിയോപ്പതി പ്രാക്ടീഷണർമാർ പേര്, രജിസ്ട്രേഷൻ നമ്പർ, പ്രാക്ടീസ് ചെയ്യുന്ന സ്ഥലം- ജില്ല, ഫോട്ടോ, സ്ഥിര മേൽവിലാസം, ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇമെയിൽ എന്നിവ കൗൺസിലിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗൂഗിൾ ഷീറ്റിൽ ജനുവരി 31 നകം സമർപ്പിക്കണം. ഇതുവരെ ഹോളോഗ്രാം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത എല്ലാ രജിസ്ട്രേഡ് ഹോമിയോപ്പതി പ്രാക്ടീഷണർമാരും അടിയന്തരമായി സർട്ടിഫിക്കറ്റ് നേടണമെന്നും അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദാകുമെന്നും രജിസ്ട്രാർ അറിയിച്ചു. വിശദവിവരങ്ങൾക്ക്: www.medicalcouncil.kerala.gov.in.

# ലോകായുക്തയിൽ ഡെപ്യൂട്ടേഷൻ

കേരള ലോകായുക്തയിൽ കോർട്ട് കീപ്പർ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിന് സർക്കാർ സർവ്വീസിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

നിരാക്ഷേപ സർട്ടിഫിക്കറ്റ്, ഫോം 144 കെ.എസ്.ആർ. പാർട്ട് 1, ബയോഡാറ്റ എന്നിവ ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകൾ മേലധികാരി മുഖേന ഡിസംബർ 15 വൈകിട്ട് 5 നകം രജിസ്ട്രാർ, കേരള ലോകായുക്ത, നിയമസഭാ സമുച്ചയം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 33 വിലാസത്തിൽ ലഭിക്കണം.

# എടിഎമ്മിൽ നിറയ്ക്കാൻ എത്തിച്ച ഏഴ് കോടി കൊള്ളയടിച്ച സംഭവം; പ്രതികൾ രക്ഷപ്പെട്ട കാറുകളിലൊന്ന് കണ്ടെത്തി

ബെംഗളൂരു: ബെംഗളൂരു നഗരത്തിൽനിന്ന് ഏഴ് കോടി രൂപ കൊള്ളയടിച്ച സംഭവത്തിൽ പ്രതികൾ രക്ഷപ്പെട്ട കാറുകളിലൊന്ന് കണ്ടെത്തി. തിരുപ്പതിയിൽ നിന്നാണ് ഇന്നോവ കാർ ഉപക്ഷിക്കപ്പെട്ട നിലയിൽ ലഭിച്ചത്. ഗ്രേ കളർ ഇന്നോവ കാറാണ് കണ്ടെത്തിയത്. എടിഎമ്മിൽ നിറയ്ക്കാൻ കൊണ്ടുവന്ന ഏഴ് കോടി രൂപ ഏഴ് മിനിറ്റ് കൊണ്ടാണ് പ്രതികൾ കഴിഞ്ഞ ദിവസം കൊള്ളയടിച്ചത്.

എന്നാൽ പ്രതികളെ കുറിച്ചുള്ള സൂചനകളൊന്നും പോലീസിന് ഇതുവരെയും ലഭിച്ചില്ല. എച്ച്ഡിഎഫ്സി ബാങ്കിന്റെ എടിഎമ്മിൽ നിക്ഷേപിക്കാൻ കൊണ്ടുപോയ പണമാണ് കൊള്ളയടിച്ചത്. കവർച്ച നടന്ന് ഒന്നര ദിവസമാകുമ്പോഴും ഇരുട്ടിൽ തപ്പുകയാണ് പോലീസ്.

തിരുപ്പതിയിൽ ഹോട്ടലുകളിൽ ഉടനീളം പോലീസ് തെരച്ചിൽ നടത്തുകയാണ്. പണവുമായി പോയ വാനിന്റെ ഡ്രൈവറെയും സുരക്ഷാ ജീവനക്കാരെയും സിഎംഎസിലെ ഉദ്യോഗസ്ഥനെയും ചോദ്യം ചെയ്തെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാനായിട്ടില്ല. ഒറ്റയ്ക്കൊറ്റയ്ക്കും കൂട്ടായും ചോദ്യം ചെയ്തിട്ടും ഒരേ മൊഴിയാണ് ഇവരിൽനിന്ന് ലഭിക്കുന്നതെങ്കിലും ആർക്കും പോലീസ് ക്ലീൻ ചിറ്റ് നൽകിയിട്ടില്ല.

പണം കൊണ്ടുപോകുന്ന വിവരം ആരോ ചോർത്തി നൽകിയിട്ടുണ്ടെന്ന വിശ്വാസത്തിൽ തന്നെയാണ് പോലീസ്. വാനിനകത്തെ ഡിവിആർ മോഷ്ടാക്കൾ കൊണ്ടുപോയത് ആസൂത്രിത നീക്കത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അപരിചിതർ വാഹനം തടയുന്ന സമയത്ത് പണം സൂക്ഷിച്ചിരുന്ന ലോക്കറുകൾ പൂട്ടാൻ ശ്രമിക്കാതിരുന്നതും വാഹനത്തിലെ സൈറൺ പ്രവർത്തിപ്പിക്കാത്തതിനും ഉത്തരം കണ്ടെത്താൻ പോലീസിനായിട്ടില്ല. െ

# കല്യാണദിനം വധുവിന് വാഹനാപകടം; താലി ചാർത്തൽ ആശുപത്രിക്കിടക്കയിൽ

മരട്: കല്യാണദിനത്തിൽ വാഹനാപകടത്തിൽ പരിക്കേറ്റ് ആശുപത്രിയിലായ പ്രതിശ്രുത വധുവിനെ നിശ്ചയിച്ച സമയത്തുതന്നെ ആശുപത്രി മുറിയിൽ താലി ചാർത്തി വരൻ. ആലപ്പുഴ തുമ്പോളി മുതലശേരി വീട്ടിൽ ജഗദീശിന്റെ മകൾ ആവണി (25)യുടെ വിവാഹമായിരുന്നു ഇന്ന്. ഉച്ചയ്ക്ക് 12.15നും 12.30നും ഇടയിലുള്ള മുഹൂർത്തത്തിൽ ആലപ്പുഴ ശക്തി ഓഡിറ്റോറിയത്തിൽ വച്ചായിരുന്നു തുമ്പോളി സ്വദേശിയായ ഷാരോൺ (32) താലി ചാർത്തേണ്ടിയിരുന്നത്. വിവാഹത്തിന് അണിഞ്ഞൊരുങ്ങാനായി വെള്ളിയാഴ്ച പുലർച്ചെ ബ്യൂട്ടിപാർലറിലേക്കു പോകും വഴി ആവണി സഞ്ചരിച്ച കാർ നിയന്ത്രണം വിട്ടു മരത്തിലിടിക്കുകയായിരുന്നു. അപകടത്തിൽ നട്ടെല്ലിന് പരിക്കേറ്റ ആവണിയെ നെട്ടൂരിലെ ലേക് ഷോർ ആശുപത്രിയിൽ പ്രവേശിപ്പിച്ചതോടെയാണ് നിശ്ചയിച്ച സമയത്തു തന്നെ താലി ചാർത്താനായി ഷാരോണും ബന്ധുക്കളും ആശുപത്രിയിലേക്കെത്തിയത്.

# വാഹനഗതാഗതം തടസപ്പെടും

പൂജപ്പുര തിരുമല റോഡിൽ പൂജപ്പുരയ്ക്കു സമീപം കലുങ്ക് പുനർ നിർമ്മാണ പ്രവൃത്തി നടക്കുന്നതിനാൽ ഡിസംബർ 12 വരെ ഇതുവഴി വാഹന ഗതാഗതം ഭാഗികമായി തടസപ്പെടും. തിരുമല ഭാഗത്ത് നിന്ന് പൂജപ്പുര ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ പാങ്ങോട് ഇടപ്പഴിഞ്ഞി ജഗതി വഴി പോകണമെന്ന് എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു.

# കോഷൻ ഡിപ്പോസിറ്റ് കൈപ്പറ്റണം

തൃശൂർ എൻജിനിയറിംഗ് കോളേജിൽ ബി.ടെക് 2017 & 18, എം.ടെക് - 2019, 2020 & 2021, എം.സി.എ 2019, 2020 & 2021 വർഷങ്ങളിൽ പ്രവേശനം നേടിയ വിദ്യാർഥികളിൽ കോഷൻ ഡിപ്പോസിറ്റ് തിരികെ വാങ്ങാത്തവർ ബന്ധപ്പെട്ട രേഖകൾ സഹിതം ഡിസംബർ 3 നകം കോളേജ് ഓഫീസിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ശബരിമല കൊള്ളയടിച്ചത് ജനങ്ങൾ നൽകിയ അധികാരം ഉപയോഗിച്ച്; ഇപ്പോൾ കാണുന്നത് ക്ഷേത്രം കൊള്ളയടിച്ച നേതാക്കൾ ജയിലേക്ക് പോകുന്ന ഘോഷയാത്ര

കൊച്ചി: ശബരിമല സ്വർണക്കൊള്ളയിൽ പ്രമുഖ സി. പി. എം നേതാവും ദേവസ്വം പ്രസിഡന്റും എം. എൽ. എയുമായിരുന്ന പത്മകുമാറിന്റെ അറസ്റ്റോടെ കേരളം അമ്പരന്നു നിൽക്കുകയാണ്. കേരളത്തിലെ ജനങ്ങൾ സി. പി. എം നേതൃത്വത്തിലുള്ള ഇടതു ജനാധിപത്യ മുന്നണിക്ക് നൽകിയ അധികാരം ഉപയോഗിച്ചു കൊണ്ടാണ് പവിത്രവും പരിപാവനവുമായ ശബരിമല ക്ഷേത്രം കൊള്ളയടിച്ചത്. ക്ഷേത്രം കൊള്ളയടിച്ച നേതാക്കൾ ഒരോരുത്തരും ജയിലേക്ക് പോകുന്ന ഘോഷയാത്രയാണ് ഇപ്പോൾ കാണുന്നത്. മുഖ്യമന്ത്രിയുടെ വിശ്വസ്തനായ എൻ വാസുവിന് പിന്നാലെയാണ് പത്മകുമാറും ജയിലിലേക്ക് പോകുന്നത്. മുൻ ദേവസ്വം മന്ത്രിയെയാണ് എസ്. ഐ. ടി ഇനി ചോദ്യം ചെയ്യേണ്ടത്. കടകംപള്ളി സുരേന്ദ്രനും കൊള്ളയിൽ പങ്കുണ്ടെന്നാണ് പ്രതിപക്ഷം വിശ്വസിക്കുന്നത്. ഏതോ ഒരു പോറ്റിയാണ് പ്രശ്നമെന്നാണ് ആദ്യം പറഞ്ഞത്. ആ പോറ്റിയുടെ നേതൃത്വത്തിലും ഇത്രയും വലിയ കൊള്ള നടന്നിട്ടും അത് മറച്ചുവയ്ക്കുകയായിരുന്നെന്ന് കോടതി വിധിയിലൂടെ വ്യക്തമായിരിക്കുകയാണ്. പോറ്റി മാത്രമായിരുന്നു ഉത്തരവാദിയെങ്കിൽ എന്തുകൊണ്ടാണ് പോറ്റിക്കെതിരെ ദേവസ്വവും സർക്കാരും കേസ് നൽകാതിരുന്നതെന്ന ചോദ്യത്തിന് ഇതുവരെ മറുപടിയില്ല. പോറ്റി കുടുങ്ങിയാൽ സി. പി. എം നേതാക്കളും കുടുങ്ങുമെന്ന് മുഖ്യമന്ത്രിക്കും സി. പി. എം നേതൃത്വത്തിനും അറിയാമായിരുന്നു. അതുകൊണ്ടാണ് പോറ്റിക്കെതിരെ കേസെടുക്കാതിരുന്നത്. എന്നാൽ ഇപ്പോൾ മറച്ചു വയ്ക്കാൻ കഴിയാത്തതു കൊണ്ടാണ് സി. പി. എം നേതാക്കളുടെ ജയിലിലേക്കുള്ള ഘോഷയാത്ര ആരംഭിച്ചത്. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എറണാകുളം വടക്കേകര, വാവക്കാട് മാധ്യമങ്ങളോട് പറഞ്ഞതാണ് ഇത്.

കടകംപള്ളി സുരേന്ദ്രന്റെ ഏറ്റവും അടുത്ത ആളായിരുന്നു ഉണ്ണികൃഷ്ണൻ പോറ്റി. പോറ്റിയെ കുറിച്ച് കടകംപള്ളി സുരേന്ദ്രൻ നല്ല അഭിപ്രായം മറഞ്ഞത് പത്രങ്ങളിൽ അടിച്ചു വന്നിട്ടുണ്ട്. എസ്. ഐ. ടി അറസ്റ്റു ചെയ്ത ശേഷവും എൻ വാസു മികച്ച ഉദ്യോഗസ്ഥനാണെന്നു പറഞ്ഞാണ് കടകംപള്ളി ന്യായീകരിച്ചത്. വാസു തനിക്കെതിരെ മൊഴി കൊടുക്കുമെന്ന് പേടിച്ചാണ് കടകംപള്ളി വാസു വലിയ സംഭവമാണെന്നു പറഞ്ഞത്.

എല്ലാം അറിഞ്ഞിട്ടും വീണ്ടും കൊള്ള നടത്താനാണ് പി. എസ് പ്രശാന്തിന്റെ നേതൃത്വത്തിലുള്ള ദേവസ്വം ബോർഡ് പോറ്റിയെ വീണ്ടും വിളിച്ചു വരുത്തിയത്. അത് ഇപ്പോഴത്തെ മന്ത്രി വാസവന്റെ അറിവോടെയായിരുന്നു. ഹൈക്കോടതി ഇടപെട്ടില്ലായിരുന്നെങ്കിൽ അയ്യപ്പന്റെ തങ്ക വിഗ്രഹം വരെ കൊള്ളയടിക്കുമായിരുന്നു. അയ്യപ്പ വിഗ്രഹം പോലും കൊള്ളയടിക്കുന്നവരായി സർക്കാർ മാറി. അയ്യപ്പന്റെ സ്വർണം ഉൾപ്പെടെ അമൂല്യ വസ്തുക്കൾ കൊള്ളയടിക്കപ്പെട്ടതിൽ മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി പറയണം. എന്തുകൊണ്ടാണ് മുഖ്യമന്ത്രി മൗനം പാലിക്കുന്നത് ഒരു മുന്നണിയുടെ ഏറ്റവും പ്രധാനപ്പെട്ടവർ ജയിലിലേക്ക് പോകുന്ന കാഴ്ചയാണ് കേരളം കാണുന്നത്. ഇക്കാര്യത്തിൽ ഭരണ നേതൃത്വം മറുപടി പറയണം.

കടകംപള്ളി സുരേന്ദ്രനിലേക്കും അന്വേഷണം പോകണം. പ്രതിപക്ഷം പറഞ്ഞതെല്ലാം ഹൈക്കോടതി വിധിയിലുണ്ട്. ഏത് കോടീശ്വരനാണ് ദ്വാരപാലക ശിൽപം വിറ്റതെന്ന് പറയണമെന്ന് ആവശ്യപ്പെട്ടതിന് കടകംപള്ളി എനിക്കെതിരെ കേസ് കൊടുത്തു. ഇതു തന്നെയാണ് കോടതിയും പറഞ്ഞത്. വലിയ വില കൊടുത്ത് വാങ്ങാൻ പറ്റുന്നവർക്ക് അത് വിറ്റിട്ടുണ്ടാകുമെന്ന് കോടതി പറഞ്ഞിട്ടുണ്ട്. അപ്പോൾ പ്രതിപക്ഷം പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടോ ഒരു തെറ്റുമില്ല. സി. പി. എം നേതൃത്വത്തിന്റെ അറിവോടെയാണ് കൊള്ള നടന്നത്. കൊള്ള നടന്നെന്ന് അറിഞ്ഞിട്ടും പ്രതികളെ സംരക്ഷിക്കാൻ സി. പി. എം നേതൃത്വം നടത്തിയതും തെറ്റാണ്. ഇതൊക്കെ കേരളം ചർച്ച ചെയ്യും. അതിന് കേരളം ശക്തമായ തിരിച്ചടി നൽകുക തന്നെ ചെയ്യും.

അയ്യപ്പന്റെ സ്വർണം കൊള്ള ചെയ്ത സ്വന്തം നേതാവ് ജയിലിൽ പോകുമ്പോഴും പാർട്ടിക്ക് ഒരു കുഴപ്പവുമില്ലെന്ന് പറയാനുള്ള തൊലിക്കട്ടി ഗോവിന്ദന് മാത്രമെ കാണൂ. പത്മകുമാർ കുറ്റാരോപിതൻ മാത്രമാണെന്ന് ഗോവിന്ദൻ പറയുന്നതിന്റെ അർത്ഥം, രക്ഷിക്കാൻ ഇനിയും ശ്രമം നടത്തുമെന്നാണ്. എല്ലാ തെളിവുകളും കോടതിയിൽ ഹാജരാക്കിയാണ് അറസ്റ്റു ചെയ്തത്. പ്രതികളെ രക്ഷിക്കാൻ പല ശ്രമങ്ങളും നടത്തി. കോടതി ഇടപെട്ടാണ് പ്രത്യേക അന്വേഷ സംഘം രൂപീകരിച്ചത്. അതുകൊണ്ടാണ് പ്രതിപക്ഷം അതിനെ സ്വാഗതം ചെയ്ത്. നവീൻ ബാബുവിന്റെ കേസ് അന്വേഷിച്ച് പി. പി ദിവ്യയെ രക്ഷിച്ച ശ്രമിച്ച ഉദ്യോഗസ്ഥനെ ഇപ്പോൾ സി. പി. എം സ്ഥാനാർത്ഥിയായതു പോലെ ഈ കേസ് അന്വേഷിക്കുന്നവരും സ്ഥാനാർത്ഥികളായേനെ. സർക്കാരിൽ വിശ്വാസമില്ലാത്തതു കൊണ്ടാണ് കോടതിയിൽ റിപ്പോർട്ട് നൽകണമെന്ന് ഉദ്യോഗസ്ഥരോട് നിർദേശിച്ചത്. എന്തായാലും ഗോവിന്ദന്റെ തൊലിക്കട്ടി അപാരം തന്നെ. പ്രതിപക്ഷ നേതാവ് പറഞ്ഞു.

ശബരിമലക്കൊള്ളയിൽ സിപിഎം പങ്ക് വ്യക്തം ഇനി അന്വേഷണം ഉന്നതരിലേക്കെത്തണമെന്ന് കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ അയ്യപ്പനെയും ശബരിമലയെയും പരിപാവനമായി കാത്തുസൂക്ഷിക്കേണ്ട ദേവസ്വംബോർഡ് പ്രസിഡന്റു തന്നെ സ്വർണക്കൊള്ളയിലെ മുഖ്യസൂത്രധാരകനാണെന്ന കണ്ടെത്തൽ ഞെട്ടിക്കുന്നതും സിപിഎമ്മിന്റെ കള്ളപ്രചരണങ്ങൾക്കേറ്റ തിരിച്ചടിയാണെന്നും കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ. എ.പത്മകുമാറിനെ അറസ്റ്റ് ചെയ്യാൻ അന്വേഷണ സംഘം നിർബന്ധിതമായതാണ്. ഈ കേസിൽ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടെ പ്രതികളാണെന്ന് ഹൈക്കോടതി ആവർത്തിച്ചിട്ട് പറഞ്ഞിട്ടും ഭരണത്തിന്റെ തണലിൽ അവരെ സംരക്ഷിക്കുകയായിരുന്നു.കോടതിയുടെ കർശന ഇടപെടലിന്റെയും ശക്തമായ തെളിവുകളുടെയും അടിസ്ഥാനത്തിലാണ് എ.പത്മകുമാറിന്റെ അറസ്റ്റിലേക്ക് അന്വേഷണ സംഘം കടന്നത്. പ്രതികളെ സംരക്ഷിക്കാനുള്ള ഭരണ സംവിധാനങ്ങളുടെ വ്യഗ്രത പ്രകടമാണെന്നും സണ്ണി ജോസഫ് പറഞ്ഞു. ഇതോടെ പ്രതികളായി ദേവസ്വംബോർഡിന്റെ രണ്ട് മുൻ പ്രസിഡന്റാണ് അറസ്റ്റിലാകുന്നത്.ഇനിയും പല ഉന്നതർ കൂടി അറസ്റ്റിലാകാനുണ്ട്.

പാർട്ടി നേതാക്കളും പാർട്ടി നോമിനികളുമായ ദേവസ്വംബോർഡ് പ്രസിഡന്റുമാരും അറസ്റ്റിലാകുമ്പോഴും തങ്ങളുടെ കൈകൾ ശുദ്ധമാണെന്നും പാർട്ടിക്ക് ഇതിൽ ബന്ധമില്ലെന്നുമുള്ള സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദന്റെ അവകാശവാദം അടിസ്ഥാനരഹിതമാണെന്നും സണ്ണി ജോസഫ് പറഞ്ഞു.

## സ്റ്റാർക്കിനു മറുപടി സ്റ്റോക്സ്; പെർത്തിൽ തകർന്നടിഞ്ഞ് ഓസീസ്, ഒമ്പതിന് 123

പെർത്ത്: മിച്ചൽ സ്റ്റാർക്കിന്റെ തീപാറുന്ന പന്തുകൾക്ക് ബെൻ സ്റ്റോക്സിലൂടെ മറുപടി നല്കി ഇംഗ്ലണ്ട്. ആഷസ് പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ടിനു പിന്നാലെ ഓസീസിനും ബാറ്റിങ് തകർച്ച. ഇംഗ്ലണ്ടിന്റെ ഒന്നാമിന്നിംഗ്സ് സ്കോറായ 172 റൺസ് പിന്തുടർന്ന് ബാറ്റിങ് തുടരുന്ന ആതിഥേയർ ഒന്നാം ദിനം കളിയവസാനിക്കുമ്പോൾ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 123 റൺസെന്ന നിലയിലാണ്.

മൂന്നു റൺസുമായി നഥാൻ ലയണും റണ്ണൊന്നു മെടുക്കാതെ ബ്രണ്ടൻ ഡോഗറ്റുമാണ് ക്രീസിൽ. 26 റൺസെടുത്ത അലക്സ് കാരിയാണ് ഓസീസ് നിരയിലെ ടോപ് സ്കോറർ. കൂടാതെ, നായകൻ സ്റ്റീവ് സ്മിത്ത് (17), ട്രാവിസ് ഹെഡ് (21), കാമറോൺ ഗ്രീൻ (24), മിച്ചൽ സ്റ്റാർക്ക് (12) എന്നിവർക്കു മാത്രമേ രണ്ടക്കമെങ്കിലും കടക്കാനായുള്ളൂ.

അതേസമയം, ജെയ്ക് വെതറാൾഡ് (പൂജ്യം), മാർനസ് ലബുഷെയ്ൻ (ഒമ്പത്), ഉസ്മാൻ ഖവാജ (രണ്ട്), സ്കോട്ട് ബോളണ്ട് (പൂജ്യം) എന്നിവർ വൻപരാജയമായി. ഇംഗ്ലണ്ടിനു വേണ്ടി ബെൻ സ്റ്റോക്സ് 23 റൺസ് മാത്രം വഴങ്ങി അഞ്ചുവിക്കറ്റ് വീഴ്ത്തി. ജോഫ്ര ആർച്ചർ, ബ്രൈഡൻ കഴ്സ് എന്നിവർ രണ്ടുവിക്കറ്റ് വീതവും വീഴ്ത്തി. നേരത്തെ, ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ടിനെ 58 റൺസ് മാത്രം വഴങ്ങി ഏഴുവിക്കറ്റ് വീഴ്ത്തിയ മിച്ചൽ സ്റ്റാർക്കാണ് തകർത്തത്. 32.5 ഓവറിൽ 172 റൺസിന് എല്ലാവരും പുറത്തായി. അർധസെഞ്ചുറി നേടിയ ഹാരി ബ്രൂക്ക് (52), ഒല്ലി പോപ്പ് (46), ജാമി സ്മിത്ത് (33), ബെൻ ഡക്കറ്റ് (21) എന്നിവർക്കു മാത്രമേ രണ്ടക്കം കടക്കാനായുള്ളൂ. സാക് ക്രൗളി (പൂജ്യം), ജോ റൂട്ട് (പൂജ്യം), നായകൻ ബെൻ സ്റ്റോക്സ് (ആറ്), ഗസ് അറ്റ്കിൻസൺ (ഒന്ന്), ബ്രൈഡൺ കഴ്സ് (ആറ്), മാർക്ക് വുഡ് (പൂജ്യം) എന്നിവർ നിരാശപ്പെടുത്തി.

ഓസീസിനുവേണ്ടി പുതുമുഖതാരം ബ്രണ്ടൻ ഡോഗറ്റ് രണ്ടുവിക്കറ്റ് വീഴ്ത്തിയപ്പോൾ കാമറോൺ ഗ്രീൻ ഒരു വിക്കറ്റ് വീഴ്ത്തി.

## പെർത്തിൽ സ്റ്റാറായി സ്റ്റാർക്ക്; തകർന്നടിഞ്ഞ് ഇംഗ്ലീഷ് നിര, 172നു പുറത്ത്

പെർത്ത്: ഓസ്ട്രേലിയയ്ക്കെതിരായ ആഷസ് പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ടിന് ബാറ്റിങ് തകർച്ച. പെർത്തിൽ ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത സന്ദർശകർ 32.5 ഓവറിൽ 172 റൺസിനു പുറത്തായി. അർധസെഞ്ചുറി നേടിയ ഹാരി ബ്രൂക്ക് (52), ഒല്ലി പോപ്പ് (46), ജാമി സ്മിത്ത് (33), ബെൻ ഡക്കറ്റ് (21) എന്നിവർക്കു മാത്രമേ രണ്ടക്കം കടക്കാനായുള്ളൂ. സാക് ക്രൗളി (പൂജ്യം), ജോ റൂട്ട് (പൂജ്യം), നായകൻ ബെൻ സ്റ്റോക്സ് (ആറ്), ഗസ് അറ്റ്കിൻസൺ (ഒന്ന്), ബ്രൈഡൺ കഴ്സ് (ആറ്), മാർക്ക് വുഡ് (പൂജ്യം) എന്നിവർ നിരാശപ്പെടുത്തി. 58 റൺസ് മാത്രം വഴങ്ങി ഏഴുവിക്കറ്റ് വീഴ്ത്തിയ മിച്ചൽ സ്റ്റാർക്കാണ് ഇംഗ്ലീഷ് നിരയെ തരിപ്പണമാക്കിയത്. പുതുമുഖതാരം ബ്രണ്ടൻ ഡോഗറ്റ് രണ്ടുവിക്കറ്റ് വീഴ്ത്തിയപ്പോൾ കാമറോൺ ഗ്രീൻ ഒരു വിക്കറ്റ് വീഴ്ത്തി.

## ഒടിഞ്ഞുവീണ മരക്കൊമ്പ് കാറിലേക്ക് തുളച്ചുകയറി യുവതിക്ക് ദാരുണാന്ത്യം

തൃശൂർ: കണ്ടെയ്നർ ലോറി ഇടിച്ച് ഒടിഞ്ഞുവീണ മരക്കൊമ്പ് ഓടിക്കൊണ്ടിരുന്ന കാറിന്റെ ചില്ലു തുളച്ച് അകത്തു കയറി പരിക്കേറ്റ യുവതി മരിച്ചു.

എടപ്പാൾ പൊൽപ്പാക്കര മാണിക്യപ്പാലം ചെട്ടിക്കുന്നത്ത് ആതിരയാണു (27) മരിച്ചത്. ഒപ്പമുണ്ടായിരുന്ന കാർ ഡ്രൈവർ തവനൂർ തൃപ്പാളൂർ കാളമ്പ്ര വീട്ടിൽ സെയ്ഫിനു പരിക്കേറ്റു. വ്യാഴാഴ്ച രാത്രി 6.45ന് സംസ്ഥാനപാതയിൽ കടവല്ലൂർ അമ്പലം സ്റ്റോപ്പിനു സമീപമാണ് അപകടം ഉണ്ടായത്.

കോഴിക്കോടു ഭാഗത്തു നിന്ന് വന്നിരുന്ന ലോറി മരത്തിൽ ഇടിച്ചതോടെ ഒടിഞ്ഞ വലിയ കൊമ്പ് എതിർ ദിശയിൽ വന്നിരുന്ന കാറിൽ പതിക്കുകയായിരുന്നു. കുന്നംകുളം ഭാഗത്തു നിന്ന് എടപ്പാളിലേക്കു പോകുകയായിരുന്ന കാറിന്റെ മുൻ സീറ്റിലായിരുന്നു ആതിര.

കാറിന്റെ മുൻവശത്തെ ചില്ലു തുളച്ച് അകത്തു കയറിയ കൊമ്പ് ആതിരയുടെ തലയിൽ ഇടിച്ച ശേഷം പിൻവശത്തെ ചില്ലു കൂടി തകർത്തു.

റോഡിൽ ഉണ്ടായിരുന്ന യാത്രക്കാരും നാട്ടുകാരും ചേർന്ന് ഇരുവരെയും തൊട്ടടുത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും ആതിരയുടെ ജീവൻ രക്ഷിക്കാനായില്ല. അപകടം വരുത്തിയ ലോറി നിർത്താതെ പോയി.

## ചീനവലത്തട്ട് തകർന്ന് വിദേശികൾ അഴിമുഖത്തേക്ക് വീണു

കൊച്ചി: ഫോർട്ടുകൊച്ചിയിൽ ചീനവലത്തട്ട് തകർന്ന് വിദേശികൾ അഴിമുഖത്തേക്ക് വീണു. കൊച്ചി കാണാനെത്തിയ വിദേശ സഞ്ചാരികൾ ചീനവല ഉപയോഗിച്ച് മീൻ പിടിക്കുന്നതിനിടെ തട്ട് തകർന്ന് കായലിൽ വീഴുകയായിരുന്നു. ഏഴ് പേരാണ് അപകടത്തിൽപ്പെട്ടത്. ഓടിക്കൂടിയ നാട്ടുകാരാണ് വിനോദ സഞ്ചാരികളെ രക്ഷപ്പെടുത്തിയത്. നാട്ടുകാർ വിദേശികളെ രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ചു. ആർക്കും വലിയ പരിക്ക് ഇല്ലെങ്കിലും ഇവരുടെ ബാഗ് ഉൾപ്പെടെ നഷ്ടപ്പെട്ടു. വലയുടെ പലകകൾ ദ്രവിച്ച നിലയിലാണെന്ന് മുന്നറിയിപ്പ് നൽകിയിട്ടും സഞ്ചാരികൾ കയറുകയായിരുന്നെന്ന് നാട്ടുകാർ പറഞ്ഞു.

## അന്ന് കൗൺസിലർ, ഇന്ന് സെക്യൂരിറ്റി

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര നഗരസഭയിലെ തൊഴുക്കൽ വാർഡിലെ മുൻ കൗൺസിലർ ആർ. വിജയൻ നിലവിൽ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിലെ സെക്യൂരിറ്റിയാണ്. ജോലി സമയത്തിനു ശേഷം വിജയൻ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി വാർഡിൽ സജീവം. 2015 ലാണ് വിജയൻ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടത്. കോൺഗ്രസ് പാർട്ടി അദ്ദേഹത്തിന് സീറ്റ് നൽകാമെന്ന് ആദ്യം വാഗ്ദാനം നൽകിയിരുന്നു. എന്നാൽ നാമനിർദേശപത്രിക സമർപ്പിക്കേണ്ട അവസാന തീയതിയുടെ തലേന്നാൾ മറ്റൊരാളെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചു. ഈ നടപടിയിൽ പ്രതിഷേധിച്ചാണ് അദ്ദേഹം മറ്റൊരു പാർട്ടിയിലും ചേരാതെ സ്വതന്ത്രനായി മത്സരിക്കാൻ തീരുമാനിച്ചത്.

യുഡിഎഫിന്റെ ഔദ്യോഗിക സ്ഥാനാർഥിയെ മൂന്നാം സ്ഥാനത്തേയ്ക്ക് പിന്തള്ളി അദ്ദേഹം വിജയിക്കുകയും ചെയ്തു. എന്നാൽ കൗൺസിലേയ്ക്ക് സ്വതന്ത്രനായാണ് തെരഞ്ഞെടുക്കപ്പെട്ടതെങ്കിലും കൗൺസിലർ കാലാവധി പൂർത്തിയാക്കുംവരെയും അദ്ദേഹം യുഡിഎഫ് മുന്നണിയുടെ നിലപാടുകൾക്കൊപ്പമായിരുന്നു.കൗൺസിലറായിരുന്നപ്പോൾ വാർഡിനു വേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ ഏറെക്കുറെ സാക്ഷാത്കരിച്ചതിന്റെ സന്തോഷവും അദ്ദേഹത്തിനുണ്ട്. പിന്നീട് തെരഞ്ഞെടുപ്പിൽ മത്സരിച്ചില്ലെങ്കിലും യുഡിഎഫിനായി പ്രചാരണത്തിൽ പരമാവധി പങ്കെടുക്കാറുണ്ടെന്ന് വിജയൻ പറഞ്ഞു. നഗരസഭയുടെ നിയന്ത്രണത്തിലുള്ള അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിൽ സ്വകാര്യ സെക്യൂരിറ്റി കന്പനി നിയോഗിച്ച സെക്യൂരിറ്റി ജീവനക്കാരനായി കഴിഞ്ഞ നാലു വർഷമായി ജോലി ചെയ്യുന്നു.

## പാഞ്ഞടുത്ത് കാട്ടാനക്കൂട്ടം, തുമ്പിക്കൈക്ക് അടിച്ചു തെറിപ്പിച്ചു; രണ്ടു ബൈക്ക് യാത്രികർക്ക് പരിക്ക്

കോതമംഗലം: കോട്ടപ്പടി വാവേലിയിൽ കാട്ടാനയാക്രമണത്തിൽ രണ്ട് ബൈക്ക് യാത്രികർക്ക് പരിക്ക്. കോട്ടപ്പടി കുളങ്ങാട്ടുകുഴി കല്ലുമുറിക്കൽ കെ. വി ഗോപി (കുഞ്ഞ് – 66), ബന്ധുവായ പട്ടംമാറുകുടി അയ്യപ്പൻകുട്ടി (62) എന്നിവർക്കാണ് പരിക്ക്.

രാവിലെ ആറരയോടെ വാവേലിയിൽ വച്ച് ഏഴു കാട്ടാനകൾ ഇവരുടെ ബൈക്കിനു നേരെ പാഞ്ഞടുത്ത് തുമ്പിക്കൈയ്ക്ക് അടിച്ചു തെറിപ്പിക്കുകയുമായിരുന്നുവെന്നാണ് പരിക്കേറ്റവർ പറഞ്ഞത്. ഇരുവരും ബൈക്കിൽ നിന്ന് തെറിച്ച് ദൂരെ വീണു. ബൈക്കിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

കാട്ടാനക്കൂട്ടത്തിൽ വളരെ ചെറിയ കുട്ടിയാന ഉണ്ടായിരുന്നതുകൊണ്ടാവാം ആനക്കൂട്ടം മറ്റ് പ്രകോപനങ്ങളില്ലാതെ ആക്രമണകാരികളായതെന്നാണ് കരുതുന്നത്. ഉച്ചത്തിലുള്ള ചിന്നംവിളികേട്ട് ഓടിയെത്തിയ വനം വാച്ചറാണ് ആനക്കൂട്ടത്തെ തുരത്തിയത്. ഓടിക്കൂടിയ നാട്ടുകാർ പരിക്കേറ്റവരെ ആശുപത്രിയിലെത്തിച്ചു. രാവിലെ അടുത്തുള്ള ജംഗ്ഷനിൽ ചായ കുടിച്ച് പണിക്ക് പോകാനായി ബൈക്കിൽ പുറപ്പെട്ടതായിരുന്നു ഇരുവരും.

കോതമംഗലം താലൂക്ക് ആശുപത്രിയിൽ പ്രഥമ ശുശ്രൂഷകൾക്ക് ശേഷം ഇരുവരെയും വിദഗ്ധ ചികിത്സയ്ക്കായി കോതമംഗലം ധർമഗിരി ആശുപത്രിയിലേക്ക് മാറ്റി. ഇരുവരുടെയും പരിക്ക് അതീവ ഗുരുതരമല്ലെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. വന്യമൃഗശല്യം രൂക്ഷമായ പ്രദേശമാണ് വാവേലി ഉൾപ്പെടെയുള്ള മേഖല. മുൻപും സമാനമായ പല സംഭവങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്.

## സ്വർണക്കൊള്ള: ഭരണപരമായ വീഴ്ചയിലാണ് പത്മകുമാറിന്റെ അറസ്റ്റെന്ന് പി. ജയരാജൻ

കണ്ണൂർ: ശബരിമല സ്വർണക്കൊള്ള കേസിൽ മുൻ ദേവസ്വം ബോർഡ് പ്രസിഡൻറ് പത്മകുമാർ അറസ്റ്റിലായ സംഭവത്തിൽ പ്രതികരണവുമായി സിപിഎം മുതിർന്ന നേതാവ് പി. ജയരാജൻ. പത്മകുമാറിൻറേത് അവധാനത ഇല്ലായ്മയാണെന്നും ഭരണപരമായ വീഴ്ചയിലാണ് പത്മകുമാറിന്റെ അറസ്റ്റെന്നും ജയരാജൻ പറഞ്ഞു.ഫയലുകളിൽ ചെമ്പുപാളി എന്ന് ഉദ്യോഗസ്ഥർ എഴുതിയത് തിരുത്തുന്നതിൽ പത്മകുമാറിനും മുൻ ദേവസ്വം കമ്മിഷണർക്കും വീഴ്ച പറ്റി. ഉത്തരവാദത്തപ്പെട്ടവർ ഭരണപരമായ കാര്യങ്ങളിൽ കാണിക്കുന്ന അവധാനതയില്ലായ്മ നീതീകരിക്കാൻ ആകില്ലെന്നും ജയരാജൻ പറയുന്നു.

## കാർ തിരികെ ചോദിച്ചതിന് ഉടമയെ ബോണറ്റിൽ കിടത്തി വാഹനം ഓടിച്ചു

തൃശൂർ: വാടകയ്ക്കു നൽകിയ കാർ തിരികെ ചോദിച്ചതിന് ഉടമയെ കാറിന്റെ ബോണറ്റിൽ കിടത്തി കിലോമീറ്ററുകൾ സഞ്ചരിച്ചു. വളരെ വേഗത്തിൽ പാഞ്ഞ കാറിൽ നിന്ന് ഉടമ രക്ഷപ്പെട്ടത് നാട്ടുകാരുടെ ഇടപെടലിനെ തുടർന്നാണ്. ആലുവ സ്വദേശി സോളമൻ തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. തിരൂർ സ്വദേശി ബക്കറാണ് അപകടകരമായ രീതിയിൽ കാറോടിച്ചത്. എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ പരിസരത്താണ് സംഭവം. രണ്ടു കാറുകളാണ് സോളമൻ ബക്കറിനു വാടകയ്ക്കു നൽകിയത്. ഏറെ ദിവസങ്ങളായിട്ടും കാർ തിരികെ നൽകിയില്ല. പകരം തന്റെ പേരിലുള്ള വസ്തു എഴുതി നൽകാമെന്ന് ബക്കർ പറഞ്ഞു. എന്നാൽ ഭൂമിയും നൽകിയില്ല. ഇതോടെ വാഹനം തേടി സോളമൻ തൃശൂരിലെത്തി. എരുമപ്പെട്ടി ഭാഗത്തുവച്ച് വാഹനം കണ്ടു. കാറിന്റെ മുന്നിൽനിന്ന് സോളമൻ വാഹനം തടഞ്ഞു. ബക്കർ ഉടനെ കാർ മുന്നോട്ടെടുത്തു. ബോണറ്റിലേക്കു സോളമൻ വീണിട്ടും ബക്കർ കാർ നിർത്തിയില്ല.

## അനധികൃത സ്വത്ത് സമ്പാദന കേസ്; എം. ആർ. അജിത് കുമാറിന് ആശ്വാസം, വിജിലൻസ് കോടതി ഉത്തരവ് റദ്ദാക്കി ഹൈക്കോടതി

കൊച്ചി: അനധികൃത സ്വത്ത് സമ്പാദന കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതി നടപടിക്കെതിരെ എഡിജിപി എം. ആർ. അജിത് കുമാർ നൽകിയ ഹർജിയിൽ താൽക്കാലിക ആശ്വാസം.

ക്ലീൻ ചീറ്റ് തള്ളിയ വിജിലൻസ് കോടതി ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. ജസ്റ്റീസ് എ. ബദറുദ്ദീൻ അധ്യക്ഷനായ സിംഗിൾ ബെഞ്ചിൻറേതാണ് നടപടി.

നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ് വിചാരണക്കോടതിയുടെ നടപടിയെന്ന് ഹൈക്കോടതി കണ്ടെത്തി.

സർക്കാർ നൽകിയ അജിത് കുമാറിനെതിരായ പരാതി നിലനിൽക്കും. പ്രോസിക്യൂഷൻ സാൻക്ഷൻ ഇല്ല എന്നതാണ് സാങ്കേതിക കാരണം. എപ്പോഴാണോ പ്രോസിക്യൂഷൻ സാൻക്ഷൻ ലഭിക്കുന്നത്, അപ്പോൾ മുതൽ അന്വേഷണം നടത്താം.

പ്രോസിക്യൂഷൻ അനുമതി തേടിയ ശേഷം പരാതിയുമായി മുന്നോട്ട് പോകാമെന്നും ഹൈക്കോടതി പറഞ്ഞു. മുഖ്യമന്ത്രിക്കെതിരായ വിജിലൻസ് കോടതി പരാമർശങ്ങളും ഹൈക്കോടതി റദ്ദാക്കി.

സർക്കാർ നൽകിയ അപ്പീലിലാണ് ഹൈക്കോടതിയുടെ നടപടി. വിജിലൻസ് റിപ്പോർട്ട് അംഗീകരിച്ച മുഖ്യമന്ത്രിയുടെ നടപടി നിയമ വിരുദ്ധമെന്ന പരാമർശമാണ് റദ്ദാക്കിയത്.

വിജിലൻസ് അന്വേഷിച്ച് ക്ലീൻചിറ്റ് നൽകിയ കേസിൽ വീണ്ടും അന്വേഷണം ആകാമെന്ന തിരുവനന്തപുരം വിജിലൻസ് കോടതി വിധിയാണ് അജിത്കുമാർ ഹൈക്കോടതിയിൽ ചോദ്യംചെയ്തത്. എന്നാൽ കീഴുദ്യോഗസ്ഥൻ അന്വേഷിച്ചത് ചട്ടവിരുദ്ധമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചിരുന്നു.

## രാഹുൽ മാങ്കൂട്ടത്തിൽ യുഡിഎഫിനായി പ്രചരണം നടത്തുന്നതിൽ തെറ്റില്ലെന്ന് വി. കെ. ശ്രീകണ്ഠൻ

പാലക്കാട്: തദ്ദേശ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥിക്ക് വേണ്ടി രാഹുൽ മാങ്കൂട്ടത്തിൽ പ്രചരണം നടത്തുന്നതിൽ തെറ്റില്ലെന്ന് വി. കെ. ശ്രീകണ്ഠൻ. രാഹുൽ മാങ്കൂട്ടത്തിലിനെ പാർട്ടിയിൽനിന്നും പുറത്താക്കിയിട്ടില്ല. സസ്പെൻഡ് ചെയ്യുക മാത്രമാണ് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

രാഹുൽ മാങ്കൂട്ടത്തിൽ ഇപ്പോഴും യുഡിഎഫ് എംഎൽഎയാണ്. രാഹുൽ മാങ്കൂട്ടത്തിൽ പാർട്ടിയുടെ ഔദ്യോഗിക പാർട്ടി ചർച്ചകളിൽ പങ്കെടുക്കാറില്ല. യുഡിഎഫ് സ്ഥാനാർത്ഥികൾക്കായി രാഹുൽ മാങ്കൂട്ടത്തിൽ പ്രചരണം നടത്തുന്നതിൽ തെറ്റില്ലെന്നും ശ്രീകണ്ഠൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ലൈംഗിക ആരോപണത്തെ തുടർന്ന് കോൺഗ്രസിന്റെ പ്രാഥമികാംഗത്തിൽ നിന്നും പുറത്താക്കിയ രാഹുൽ മാങ്കൂട്ടത്തിൽ കഴിഞ്ഞ ദിവസം കോൺഗ്രസ് വേദിയിൽ എത്തിയത് വിവാദമായിരുന്നു. കോൺഗ്രസിന്റെ സ്ഥാനാർത്ഥി പ്രഖ്യാപന വേദിയിലാണ് രാഹുൽ മാങ്കൂട്ടത്തിലെത്തിയത്.

## നെടുമങ്ങാട് എൽഡിഎഫ് സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു

നെടുമങ്ങാട്: നെടുമങ്ങാട് നഗരസഭയിലെയും പനവൂർ, ആനാട് പഞ്ചായത്തുകളിലെയും എൽഡിഎഫ് സ്ഥാനാർത്ഥികൾ നാമനിർദേശ പത്രിക സമർപ്പിച്ചു. ഒന്നു മുതൽ 21 വരെയുള്ള വാർഡുകളിലെ സ്ഥാനാർത്ഥികൾ ആർഡിഒയ്ക്കു മുമ്പാകെയും 22 മുതൽ 42 വരെയുള്ള വാർഡിലെ സ്ഥാനാർത്ഥികൾ നഗരസഭ റിട്ടേണിങ് ഓഫീസർക്കു മുമ്പാകെയുമാണ് പത്രിക സമർപ്പിച്ചത്. സിപിഎം ജില്ലാ സെക്രട്ടേറിയറ്റ് അംഗം ബി സത്യൻ, ഏരിയ സെക്രട്ടറി കെ. പി. പ്രമോഷ്, സിപിഐ മണ്ഡലം സെക്രട്ടറി പാട്ടത്തിൽ ഷെരീഫ്, സിപിഎം ജില്ലാ കമ്മിറ്റി അംഗങ്ങളായ അഡ്വ. ആർ ജയദേവൻ, ഡോ. ഷിജു ഖാൻ, സിപിഐ ജില്ലാ കമ്മിറ്റിയംഗം പി. കെ. സാം എന്നിവർ പത്രികാ സമർപ്പണത്തിനു നേതൃത്വം നൽകി. ആനാട് പഞ്ചായത്തിലെ എൽഡിഎഫ് സാരഥികൾ പഞ്ചായത്തിലെ റിട്ടേണിങ് ഓഫീസ് മുമ്പാകെയാണ് പത്രികകൾ സമർപ്പിച്ചത്. ഇരുപതു വാർഡുകളിലെയും സാരഥികൾ പത്രികകൾ സമർപ്പിച്ചു. പനവൂർ പഞ്ചായത്തിലെ എൽഡിഎഫ് സാരഥികൾ പഞ്ചായത്ത് റിട്ടേണിങ് ഓഫീസർക്കു മുമ്പാകെയാണ് പത്രികകൾ സമർപ്പിച്ചത്.